

മെയ് – ആഗസ്റ്റ്, 2017

# സ്നേഹനാദം

## പാരിഷ് ബുള്ളറ്റിൻ

**ഇൻഫന്റ് ജീസസ്സ് ചർച്ച്, കാടുകുറ്റി**

**ഫോൺ : 0480 2718927**

**VOL :5 ISSUE :2**

## പത്രാധിപസമിതി

**റവ. ഫാ. ബൈജു കണ്ണമ്പിള്ളി**
**റവ. സി. ലാലി CSN**
**റവ. സി. അഭയ FCC**
**ശ്രീ. കുഞ്ഞുവർക്കി തേലേക്കാട്ട്**
**ശ്രീ. ഷിബു വട്ടോലി**
**ശ്രീ. ജോർജ്ജ് പടിഞ്ഞാറെവീട്ടിൽ**
**ശ്രീ. ആന്റണി തേലേക്കാട്ട്**
**ശ്രീ. ജേക്കബ് മൂത്തേടൻ**
**ശ്രീമതി ആനി ബെന്നി**
**ശ്രീമതി മോളി ഡേവിസ്**
**ശ്രീ. ടോംസൺ മാത്തച്ചൻ വട്ടോലി**
**ശ്രീ. ജോൺ റോയി കുടിയിരിപ്പിൽ**

## ഇതളുകൾ വിരിയുമ്പോൾ

വികാരിയച്ചന്റെ കത്ത് 02
യോഗ്യത തെളിയിക്കുക 05
സഭാവാർത്തകൾ 07
വിജയിക്കുവാൻ സ്വപ്നം കാണുക 09
നാശം വിതയ്ക്കുന്ന ലഹരികൾ 11
ഉയിർപ്പുകാലം ഉണർവ്വിന്റെ കാലം 12
ഇടവകവാർത്തകൾ 15
വിശുദ്ധർ വഴികാട്ടികൾ 19
ബൈബിൾ ക്വിസ് 22
വചനവിത്തുകൾ 23
കുടുംബ സമ്മേളനവേദികൾ 29
അടിക്കുറിപ്പ് 32

Designing & Printing : **MADONNA,** THURAVOOR
Ph : 2618101(O), 9447159638 (M), E-mail : madonnaprint@gmail.com








# "എനിക്ക് ജീവിതം ക്രിസ്തുവാണ്, മരണം നേട്ടവും"

യേശുവിൽ സ്നേഹിതരേ,

'ഓരോ പ്രഭാതത്തിലും പുതിയ സ്നേഹം നല്കി ദൈവം നമ്മെ പരിപാലിക്കുന്നു', എന്നാണല്ലോ തിരുവചനം നമ്മോട് സംസാരിക്കുന്നത്. സമയത്തിലൂടെ, പ്രകാശത്തിലൂടെ, മഴയിലൂടെ, മണ്ണിലൂടെ, സസ്യവൃക്ഷലതാദികളിലൂടെ മനുഷ്യരിലൂടെ എല്ലാം.... ദൈവം എല്ലാ മനുഷ്യരേയും സ്നേഹിക്കുകയാണ്. കാരണം ദൈവം സ്നേഹമാണ്. കാലത്തിന്റെ വികൃതി എന്നുപറയുന്നത് എല്ലാ മനുഷ്യരും ഈ ദൈവസ്നേഹം വേണ്ടത്ര അനുഭവിക്കുന്നില്ല എന്നതാണ്. "ദുഷ്ടന്റെയും ശിഷ്ടന്റെയും മേൽ ഒരുപോലെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്റെയും നീതിരഹിതരുടെയും മേൽ ഒരുപോലെ മഴ പെയ്യിപ്പിക്കുകയും" ചെയ്യുന്ന ദൈവത്തിന്റെ സ്നേഹത്തിന്റെ മാറ്റ് അത് സ്വീകരിക്കുന്ന വ്യക്തികളുടെ ജീവിതങ്ങളെയൊക്കെയും ആശ്രയിക്കുന്നുണ്ട് എന്നുള്ളത് വ്യക്തമാണ്.

ഇനി മഴക്കാലം വരുന്നു. മഴ പെയ്യുമ്പോൾ വെള്ളം ശേഖരിക്കാൻ മുറ്റത്ത് നമ്മൾ പാത്രങ്ങൾ നിരത്തി വയ്ക്കാറുണ്ടല്ലോ. എല്ലാ പാത്രങ്ങളിലും ശേഖരിക്കപ്പെടുന്ന വെള്ളത്തിന്റെ ഗുണം ഒന്നായിരിക്കില്ല. ചില പാത്രങ്ങളിലെ വെള്ളം ശുദ്ധമായിരിക്കും. ചിലത് അശുദ്ധവും. പാത്രങ്ങളുടെ ഉള്ളിലെ അഴുക്കാണതിന് കാരണം.

**നമ്മുടെ മനസ്സും ഹൃദയവും യഥാർത്ഥത്തിൽ ശുദ്ധവും സുരഭിലവും ആണെങ്കിൽ ദൈവസ്നേഹവും സഹോദരസ്നേഹവും അനുഭവിക്കാൻ സാധിക്കും. അങ്ങനെയെങ്കിൽ മാത്രമെ അത് സാധിക്കൂ.** അവനവൻ വാദവും, സ്വാർത്ഥതയും, മാത്സര്യമനോഭാവവും, അലസതയും,



ആത്മാർത്ഥതയില്ലായ്മയും, ആഡംബരങ്ങളും, ജഡിക താല്പര്യങ്ങളും ജീവിതങ്ങളെ കീഴടക്കാൻ സാധ്യതയുള്ള ഈ കാലഘട്ടത്തിൽ ജീവിക്കുമ്പോൾ സുതാര്യവും നിർമ്മലവുമായ ആയ സ്നേഹംകൊണ്ടും, ആത്മാർത്ഥതകൊണ്ടും, അർപ്പണ മനോഭാവംകൊണ്ടും, വിനയംകൊണ്ടും ഉള്ളം ശുദ്ധമാക്കി ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും പ്രകൃതി സ്നേഹത്തിലും നാം നിറയട്ടെ.

ഈ വർഷത്തെ മതബോധന മുദ്രാവാക്യം **ജീവിക്കുന്നതിലെ സന്തോഷം** എന്നതാണ്. ജീവിക്കണമെന്നും അതു സന്തോഷത്തോടെയാകണമെന്നും ദൈവ - മനുഷ്യസ്നേഹബന്ധങ്ങളില്ലാതെ ജീവിക്കുന്നതിലെ സന്തോഷം അനുഭവിക്കുവാൻ സാധിക്കില്ലെന്നും സഭ നമ്മെ പഠിപ്പിക്കുന്നു. ഓരോ നിമിഷവും ജീവനേയും ജീവിതത്തേയും സ്നേഹിച്ചുകൊണ്ട് സന്തോഷത്തോടെ ജീവിക്കുവാൻ ദൈവം നമ്മെയെല്ലാവരേയും അനുഗ്രഹിക്കട്ടെ

പ്രാർത്ഥനകളോടെ

**ഫാ. ബൈജു കണ്ണമ്പിള്ളി**

വികാരി



# അഭിനന്ദനങ്ങൾ

പ്ലസ് 2 പരീക്ഷയിൽ എല്ലാ

വിഷയങ്ങൾക്കും എ പ്ലസ്

നേടിയ

**കുമാരി മരിയ പോളിക്ക്**

*അഭിനന്ദനങ്ങൾ...*

# വി. കുർബ്ബാനയിൽ വായിക്കേണ്ട ലേഖനഭാഗം

| തീയതി | പഴയനിയമം | ലേഖനം |
|---|---|---|
| **2017 മെയ്** | | |
| 07.05.2017 ഞായർ | ഏശ. 49:13-23 | ഏഫേ.2:1-7 |
| 14.05.2017 ഞായർ | ഏശ. 49:7-15 | ഹെബ്രാ.10:19-25 |
| 21.05.2017 ഞായർ | ഏശ. 52:7-12 | ഏഫേ.2:11-22 |
| 28.05.2017 ഞായർ | ഏശ. 6:1-13 | ഫിലി.2:1-11 |
| **2017 ജൂൺ** | | |
| 04.06.2017 ഞായർ | പുറ. 19: 1 -9 | 1കൊറി. 12:1-11 |
| 11.06.2017 ഞായർ | ജോയേ. 2:18-26 | 1കൊറി.6: 1-11 |
| 18.06.2017 ഞായർ | നിയമാ. 1:5-8 | 1കൊറി.7: 1-7 |
| 25.06.2017 ഞായർ | നിയമാ. 1:16-18 | 1കൊറി.9:19-27 |
| **2017 ജൂലൈ** | | |
| 02.07.2017 ഞായർ | നിയമാ. 1:33-46 | 1കൊറി.14:1-12 |
| 09.07.2017 ഞായർ | നിയമാ. 4:1-8 | 1കൊറി.10:23-31 |
| 16.07.2017 ഞായർ | നിയമാ. 4:10-14 | 1കൊറി.16:1-14 |
| 25.07.2017 ഞായർ | 1 രാജാ.18: 30-39 | 1കൊറി.1:9-16 |
| 30.07.2017 ഞായർ | നിയമാ. 4:32-40 | 2കൊറി.3:4-12 |
| **2017 ആഗസ്റ്റ്** | | |
| 06.08.2017 ഞായർ | പുറ. 19:1-8 | ഹെബ്രാ.12:18-29 |
| 13.08.2017 ഞായർ | നിയമ. 5:16-24 | 2കൊറി.10:12 -18 |
| 20.08.2017 ഞായർ | ഏശ. 28:14-22 | 2കൊറി. 12:14-21 |
| 27.08.2017 ഞായർ | ഏശ. 29:19-24 | 1തെസ 2:1 -12 |

## അടിക്കുറിപ്പ് മത്സരവിജയികൾ



**I st ആൻ മരിയ ടോമി പള്ളത്താട്ടി**

*"ഹായ്! സൂപ്പർ... കിടിലൻപാട്ട്.*
*പൊളിച്ചു മോനെ...!"*



# യോഗ്യത തെളിയിക്കുക

വലിയനോമ്പും പീഡാസഹനവും മരണവും ഉത്ഥാനം മഹത്തീകരണം എന്നീ സംഭവങ്ങളിലൂടെ സഭ കടന്നുപോകുകയായിരുന്നു. വലിയ നോമ്പിന്റെ ആരംഭം വിചിന്തനം ചെയ്യുന്ന സുവിശേഷ ഭാഗം ഈശോയുടെ മരുഭൂമിയിലെ പരീക്ഷണമാണ്. എന്തിനും ഏതിനും യോഗ്യത തെളിയിക്കാൻ അനുചിതമായ മുദ്രപത്രങ്ങൾ, രേഖകൾ വാങ്ങിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. ജീവിതത്തിൽ ഏതു മേഖലയിലേക്കും കടന്നു വരുന്നതിനും യോഗ്യത തെളിയിക്കുന്ന പരീക്ഷയുണ്ട്. മനുഷ്യസഹജമായ പ്രതിഭാസമായി ഇതു മാറിയിരിക്കുന്നു. ഭൗതീകത വിട്ട് ആത്മീയതയിലേക്ക് നശ്വരതവിട്ട് അനശ്വരതയിലേക്ക് മുന്നേറണ്ടവരാണല്ലോ മനുഷ്യർ. തങ്ങളുടെ യോഗ്യത തെളിയിക്കേണ്ടിയിരിക്കുന്നു. അതിനുള്ള പരീക്ഷണം ഓരോ വ്യക്തിക്കും വ്യത്യസ്ഥമാണ്. മാത്രമല്ല അപ്രതീക്ഷിതവുമാണ്. നമുക്കറിയാം നിനച്ചിരിക്കാത്ത നേരത്താണ് ദൈവം അബ്രാഹത്തെ വിളിച്ചു കല്പിച്ചത്.



വൈസ് ചെയർമാൻ
**ജോർജ് പടിഞ്ഞാറെവീട്ടിൽ**

ഏക മകൻ ഇസഹാക്കിനെ മോറിയ മലയിൽ ബലിയർപ്പിക്കുക. ഇതു അബ്രാഹത്തെ ഞെട്ടിക്കുന്ന കല്പനയും വിറപ്പിക്കുന്ന പരീക്ഷണവുമായിരുന്നു. എന്നാൽ സംയമനം വീണ്ടെടുത്ത് അബ്രാഹം അതിനു സന്നദ്ധനായി. അങ്ങനെ ദൈവം അബ്രാഹത്തോട് വിശ്വസ്തനും ദൈവീക മേഖലയിലേക്ക് പ്രവേശിക്കുവാൻ യോഗ്യനാണെന്നും തെളിയിച്ചു. പലപ്പോഴും നമ്മുടെ കണക്കു കൂട്ടലുകൾക്കപ്പുറമാണ് ദൈവീക മേഖലയിലേക്കുള്ള യാത്രയിൽ പരീക്ഷക്കപ്പെടുന്നത്. അതിന് ഉദാഹരണമായി ജോബിന്റെ

ശാരീരികമായും മാനസീകമായും സാമ്പത്തീകമായും എല്ലാ മക്കളെയടക്കം ഇല്ലായ്മ ചെയ്യുവാൻ തിന്മയുടെ ശക്തിയെ അനുവദിച്ചു.

കുഷ്ഠരോഗം മൂലം അവന്റെ ശരീരത്തേയും മറ്റുള്ളവരുടെ ശകാരം മൂലം അവന്റെ മനസ്സിനേയും വേദനിപ്പിച്ചു. ജോബിലുണ്ടായിരുന്ന ഒരു കാര്യം കഠിനമായ പരീക്ഷണത്തിലും വേദനയിലും ദൈവത്തെ വെല്ലുവിളിച്ചില്ല. സംശയിച്ചില്ല. "ദൈവം തന്നു ദൈവം എടുത്തു. ദൈവത്തിന് സ്തുതിയുണ്ടായിരിക്കട്ടെ." എന്ന് വീണ്ടും വീണ്ടും ആവർത്തിച്ച് പാടി ദൈവത്തിൽ വിശ്വസിച്ച് ദൈവീക മേഖലയിൽ വ്യാപരിച്ചു.

നമ്മുടെ കർത്താവ് ഒന്നല്ല പലവട്ടം പരീക്ഷണ വിധേയനായി. പിശാചിനാലും മനുഷ്യരാലും അതിനു ശേഷമാണ് മഹത്വത്തിൽ വലതുഭാഗത്ത് ഉപവിഷ്ടനാകുന്നത്. പൂർവ്വ പിതാക്കന്മാർ പ്രവാചകന്മാർ അപ്പസ്തോലന്മാർ അനുഭവിച്ചതിനേക്കാൾ എത്രയധികമായി എന്റെ യേശു സഹിച്ചു. തുടക്കം കുറിച്ചത് ശൂന്യത ഓരിയിടുന്ന മരുഭൂമിയിൽ ആണെന്നു മാത്രം. മറ്റാർക്കും ദൈവത്തോട് ഒപ്പമായിരിക്കാൻ ഇത്രയധികം പരീക്ഷണം നേരിടേണ്ടതായി വന്നിട്ടില്ല.

മരുഭൂമിയിൽ ഒന്നാമത്തെ പരീക്ഷണം യേശുവിന്റെ ശക്തി തെളിയിക്കുവാനുള്ള വെല്ലുവിളിയായിരുന്നു. നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകളോട് അപ്പമാകുവാൻ പറയുക. തന്റെ ശക്തി പിതാവുമായുള്ള തനതായ ബന്ധം വിട്ട് നിയമം വിട്ട് ലക്ഷ്യം മറന്നു ഏതു ഹീനമാർഗ്ഗത്തിലൂടെയും തെളിയിക്കുവാനുള്ള പ്രലോഭനമാണിത്. നിമിത്തം വിശപ്പാണ്.

ഏകദേശം ഇതിനോട് സാമ്യമുള്ള ഒരു പരീക്ഷണം ഇസ്രായേൽമക്കൾക്ക് മരുഭൂമിയിൽ ഉണ്ടായി. വിശന്നു പൊരിഞ്ഞപ്പോൾ ഞങ്ങളെ നയിക്കുന്ന ദൈവീക പദ്ധതിയെ മറന്ന് മോശയ്ക്കും അഹറോനും എതിരെ പിറുപിറുത്ത് പ്രലോഭനത്തിൽ വീണു.(പുറ.16:1–8) എന്നാൽ യേശുനാഥൻ (മത്താ.4:4) മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് എന്ന് ഉത്തരം പറഞ്ഞ് പിശാചിന്റെ കുടിലതന്ത്രത്തെ പൊളിച്ചു. അങ്ങനെ ഇസ്രായേൽ പരാജയപ്പെട്ടിടത്ത് യേശു വിജയിച്ചു. തിന്മയുടെ ശക്തിക്ക് വളരെ എളുപ്പത്തിൽ മനുഷ്യനെ വീഴ്ത്താനാവുന്ന മേഖലയാണിത്. സ്വശക്തി തെളിയിക്കാനുള്ള പ്രലോഭനം. ഇതു ചില വ്യക്തികളിലും സമൂഹത്തിലും ഉണ്ടാകും. ഇതിലൂടെ മനുഷ്യനിലെ മനുഷ്യത്വവും ദൈവത്തോടുള്ള ബന്ധവും നഷ്ടപ്പെടുത്തുവാൻ ഇവർക്ക് സാധിക്കും. എല്ലാം മറക്കുവാനും പൊറുക്കുവാനുമുള്ളതാണ് ജീവിതം. പൊറുക്കാം മറക്കാം. യേശുവിന്റെ മറയിൽ നിന്ന് സഹോദരനെ കാണാം, യേശുവിലൂടെ കാണാം. സഹനം മരണം വരെ നിശ്ചയാണ്. എന്നാൽ മഹത്വം പിന്നാലെയുണ്ട്. കാത്തിരിക്കാം. തപസ്സും പ്രായ്ശ്ചിത്തവും നമ്മെ പ്രാപ്താരാക്കിയെന്നു വിശ്വസിക്കുന്നു. ഈശോ നമ്മോടു പറയുന്നു, പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ (മർക്കോ.14:28) ഈ വഴി പിൻച്ചെല്ലുമ്പോൾ തിന്മയുടെ ശക്തിയെ പരാജയപ്പെടുത്തി ദൈവത്തിലേക്കുള്ള മുന്നേറ്റം സാധ്യമാക്കാം.

# സഭാവാർത്തകൾ



## വിശ്വാസികളെ വിസ്മയിപ്പിച്ചു മാർപ്പാപ്പയുടെ ഭവന സന്ദർശനം

പതിവുള്ള ഭവന സന്ദർശനത്തിനും വീടു വെഞ്ചരിപ്പിനും ഇടവക വൈദീകനെ പ്രതീക്ഷിച്ച വിശ്വാസികളെ വിസ്മയിപ്പിച്ച് എത്തിയതു സാക്ഷാൽ ഫ്രാൻസീസ് പാപ്പ. റോമിന്റെ പ്രാന്തത്തിലുള്ള ഓസ്റ്റിയത്തിലെ സ്റ്റെല്ലാമാരീസ് ഇടവകയിലെ ഏതാനും വീടുകളാണ് വെള്ളിയാഴ്ച മാർപ്പാപ്പ വെഞ്ചരിച്ചത്.



സാധാരണക്കാർ തിങ്ങിപ്പാർക്കുന്ന മേഖലയിലെ അപ്പാർട്ട്മെന്റിലുള്ള വീടുകളിലാണ് മാർപ്പാപ്പ മിന്നൽ സന്ദർശനം നടത്തിയത്. ഇടവകയിലെ ഒരു വൈദീകൻ ഭവനസന്ദർശനത്തിനും വെഞ്ചരിപ്പിനും എത്തുമെന്ന് അറിയിപ്പുകിട്ടിയതിനെ തുടർന്ന് ഒരുക്കം പൂർത്തിയാക്കി വീട്ടുകാർ കാത്തിരുന്നു. ഡോർബെൽ കേട്ട് കതകു തുറന്നപ്പോൾ ഫ്രാൻസീസ് പാപ്പയെ കണ്ട് വീട്ടുകാർ അമ്പരന്നു. വീട്ടുകാരുമായി കുശലപ്രശ്നം നടത്തിയ മാർപാപ്പ വീടിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചശേഷമാണ് മടങ്ങിയത്. ഒരു ഡസനോളം ഭവനങ്ങൾ മാർപ്പാപ്പ വെഞ്ചരിച്ചു. വീട്ടുകാർക്കെല്ലാം ജപമാലയും നല്കി.

എല്ലാ വെള്ളിയാഴ്ചകളും മാർപ്പാപ്പ കാരുണ്യവെള്ളിയാഴ്ചയായി ആചരിക്കാറുണ്ട്. അന്നു ഭവനങ്ങളോ ആശുപത്രികളോ സന്ദർശിക്കുകയും ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുകയും പതിവാണ്. ഇതിന്റെ ഭാഗമായാണു കഴിഞ്ഞ വെള്ളിയാഴ്ച ഓസ്റ്റിയയിലെ സ്റ്റെല്ലാ മാരീസ് ഇടവകയിൽ ഭവന സന്ദർശനം നടത്തിയത്.

## അഞ്ച് പുതിയ കർദ്ദിനാൾമാരെ നിയമിക്കുന്നു.

അഞ്ച്പേരെ കർദ്ദിനാൾമാരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിനുള്ള കൺസിസ്റ്ററി (കർദ്ദിനാൾ മാരുടെ സമ്പൂർണ്ണ സമ്മേളനം) ജൂൺ 28 ന് വത്തിക്കാനിൽ ചേരുമെന്ന് ഫ്രാൻസീസ് മാർപ്പാപ്പ അറിയിച്ചു. പിറ്റേന്നു പുതിയ കർദ്ദിനാൾമാരോടൊപ്പം മാർപ്പാപ്പ ദിവ്യബലി അർപ്പിക്കും.

ബിഷപ്പ് ഗ്രിഗോറിയോ റോസ ഷാവേസ് (ഏൽ സാൽവദോർ), ആർച്ച് ബിഷപ്പ് ജീൻ സെർബോ (മാലി), ബിഷപ്പ് ആൻഡേഴ്സ് അർബോറില്യസ് (സ്വീഡൻ), ആർച്ച് ബിഷപ്പ് ഹുവാൻ ഹൊസെ ഒമല്ലേ (സ്പെയിൻ), ബിഷപ്പ് ലൂയി മാരി ലിങ്ങ്മാംഗ അനിക്കോൻ (ലാവോസ്) എന്നിവരെയാണ് കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തുന്നത്.

മാലി, സ്വീഡൻ, ലാവോസ്, എന്നിവിടങ്ങളിൽ നിന്ന് ആദ്യമായാണ് സഭയ്ക്ക് കർദ്ദിനാൾ മാരെ ലഭിക്കുന്നത്. പുതുതായി പ്രഖ്യാപിക്കപ്പെട്ട അഞ്ചു കർദ്ദിനാൾ മാരും 80 വയസ്സിൽ താഴെ പ്രായമുള്ളവരാണ്.

അതിനാൽ ഇവർക്കെല്ലാവർക്കും മാർപ്പാപ്പയെ തെരെഞ്ഞെടുക്കുന്ന കോൺക്ലേവിൽ വോട്ടവകാശമുണ്ട്.

## യു.എസ് അതിരൂപതയുടെ സഹയമെത്രനായി മുൻ പൈലറ്റ്


അമേരിക്കയിലെ അറ്റ്ലാന്റ അതിരൂപതയുടെ സഹായമെത്രാനായി ബിഷപ് ബെർണാഡ് ഷ്ലെസിംഗറേ ഫ്രാൻസീസ് മാർപ്പാപ്പ നിയമിച്ചു. സെമിനാരിയിൽ ചേരുന്നതിനുമുമ്പു ഒരു എയർലൈൻ പൈലറ്റായിരുന്നു അദ്ദേഹം. ഇപ്പോൾ 57 വയസ്സുള്ള അദ്ദേഹം 1990 ലാണ് സെമിനാരിയിൽ വൈദീക പരിശീലനത്തിനു ചേർന്നത്. അതിനു മുമ്പ് വൻ എയർ ക്രാഫ്റ്റ് പറത്തുന്നതിന് അർഹതയുള്ള ക്യാപ്റ്റർ റാങ്കുള്ള പൈലറ്റായി അദ്ദേഹം പ്രവർത്തിച്ചിരുന്നു. അറ്റ്ലാന്റ അതിരൂപതയുടെ കീഴിലുള്ള റാലീ രൂപതയിൽ ഇടവക വികാരിയായും വൊക്കേഷൻ ഡയറക്ടറായും ഫിലാദെൽഫിയായിലെ മേജർ സെമിനാരിയിൽ സ്പിരചൽ ഫോർമേഷൻ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലും ആഞ്ജെലിക്കും യൂണിവേഴ്സിറ്റിയിലും ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി.

## ഫാ.ഗബ്രിയേൽ ചിറമ്മലിന് അശ്രുപൂജ



അമല കാൻസർ ആശുപത്രി സ്ഥാപക ഡയറക്ടറും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ – സാമൂഹിക പ്രസ്ഥാനങ്ങളുടെ അമരക്കാരനുമായിരുന്ന അന്തരിച്ച പദ്മഭൂഷൺ ഫാ.ഗബ്രിയേൽ ചിറമ്മേൽ സി.എം.ഐ ക്ക് ആയിരങ്ങളുടെ അശ്രുപൂജ

●




# വിജയിക്കുവാൻ സ്വപ്നങ്ങൾ കാണുക



*ടി.പി ആന്റണി.*

നമ്മുടെ മുൻ പ്രസിഡന്റ് എ. പി.ജെ അബ്ദുൾ കലാം ആവർത്തിച്ചു കൊണ്ടിരുന്നത് സ്വപ്നങ്ങൾ കാണുക എന്നതായിരുന്നു. ഉറക്കത്തിൽ സ്വപ്ന ങ്ങൾ അല്ല, ഉണർന്നിരിക്കുമ്പോൾ കാണുന്ന സ്വപ്നങ്ങൾ.

മനകോട്ടകൾക്കും സ്വപ്നങ്ങൾക്കും യാഥാർത്ഥ്യവുമായി ബന്ധമില്ല എന്നു കരുതിയാൻ നിങ്ങൾക്ക് തെറ്റി. റൈറ്റ് ബ്രദേഴ്സ് പറക്കുവാൻ സ്വപ്നം കണ്ട് പ്രവർത്തിച്ചപ്പോൾ ജനം കരുതി അവർക്ക് വട്ടാണെന്ന്. പക്ഷെ പിന്നീട് അത് യാഥാർത്ഥ്യമായി. വർണ്ണ വിവേ ചനം കൊടുകുത്തി വാണിരുന്ന അമേ രിക്കയിൽ മാർട്ടിൻ ലൂഥർ കിംഗ് 1863 ആഗസ്റ്റ് 28 ന് നടത്തിയ പ്രസംഗം ഇങ്ങനെയായിരുന്നു.

എനിക്ക് ഒരു സ്വപ്നമുണ്ട്, “എന്റെ നാലു കുട്ടികളും അവരുടെ ത്വക്കിന്റെ നിറത്തിന്റെ അടിസ്ഥാനത്തിലല്ലാതെ അവരുടെ സ്വഭാവത്തിന്റെ സവിശേ ഷത കൊണ്ട് വിലയിരുത്തപ്പെടുന്ന ഒരു ദിവസം. എനിക്ക് ഒരു സ്വപ്നമുണ്ട്. ഈ അലബാമയിൽ കറുത്തവരും വെളുത്തവരുമായ ആൺകുട്ടികളും പെൺകുട്ടികളും സഹോദരി സഹോ ദരന്മാരെപ്പോലെ കൈകോർത്ത് നട ക്കുന്ന ഒരു ദിവസം. എനിക്ക് ഒരു സ്വപ്നമുണ്ട് എല്ലാ താഴ്വാരകളും ഉയർത്തപ്പെടുന്ന എല്ലാ മലകളും നിര പ്പാക്കപ്പെടുന്ന ഒരു ദിവസം.” ആ സ്വപ്നത്തിന്റെ യാഥാർത്ഥ്യ മായിരിക്കണം അമേരിക്കയിൽ കറുത്ത വനായ ഒബാമ പ്രസിഡന്റായത്.

സ്വപ്നങ്ങൾ ഉപബോധമനസ്സിലൂടെ നമ്മുടെ സ്വഭാവവും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നു. നമ്മൾ ചീത്തകാര്യ ങ്ങൾ സ്വപ്നം കണ്ടുകൊണ്ടിരുന്നാൽ നമ്മുടെ മനസ്സിനെ അത് അനുസരിച്ച് പാകപ്പെടുത്തി, കാലക്രമത്തിൽ അത് അനുസരിച്ച് പ്രവർത്തിച്ച് അങ്ങനെ യായി തീരുന്നു. മറിച്ച് നല്ല കാര്യങ്ങൾ

സ്വപ്നം കണ്ടാൽ നമ്മുടെ പ്രവർത്തികളെയും സ്വഭാവത്തേയും അത് അനുസരിച്ച് പാകപ്പെടുത്തി നമ്മൾ സ്വപ്നം കണ്ടതിലേക്ക് നമ്മെ കൊണ്ട് ചെന്നെത്തിക്കുന്നു. യാഥാർത്ഥ്യം നമ്മൾ കാണുന്ന സ്വപ്നങ്ങളുടെ പ്രതിഫലനമായിരിക്കും.

എല്ലാം തുടങ്ങുന്നത് നമ്മുടെ മനസ്സിലും സ്വപ്നങ്ങളിലുമായിരിക്കും. ഭാവിയിൽ ഒരു ടീച്ചർ ആകാനോ, നടനാകാനോ ഡോക്ടറാകാനോ സ്വപ്നം കാണുന്നയാൾ അത് അനുസരിച്ച് പ്രവർത്തിക്കുവാനും അങ്ങനെ ആയിത്തീരുവാനും ശ്രമിക്കും, വിജയിക്കും. തൂക്കം കുറയുന്നത് സ്വപ്നം കാണുന്നയാൾ അതനുസരിച്ച് ഭക്ഷണം കഴിക്കുവാനും വ്യായാമം ചെയ്യുവാനും തുടങ്ങും. ഒരു കാര്യത്തെ കുറിച്ച് നിരന്തരം സ്വപ്നം കാണുമ്പോൾ അതിനെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുവാനും അത് നടപ്പാക്കാൻ പറ്റിയ ആളുകളെ കണ്ടുമുട്ടുവാനും ശ്രമിക്കും. കൊയ്ത്ത് സ്വപ്നം കാണുന്നയാൾ നിലം ഒരുക്കി വിത്ത് വിതയ്ക്കും. മക്കൾ നല്ല നിലയിൽ എത്തണമെന്ന് കരുതുന്ന മാതാപിതാക്കൾ മാത്രമെ അതിനുവേണ്ടി അദ്ധ്വാനിക്കുകയുള്ളു.

ഏറ്റവും നല്ലതിനെ സ്വപ്നം കാണുക. സ്വപ്നങ്ങളെ നിയന്ത്രിക്കുവാൻ കഴിഞ്ഞാൽ നമുക്ക് നമ്മുടെ വിധിയെ നിയന്ത്രിക്കുവാൻ കഴിയും.

സ്വപ്നങ്ങൾ നിറഞ്ഞതാകട്ടെ നമ്മുടെ ജീവിതം. സ്വപ്നങ്ങൾ ഉള്ളവർക്ക് കനൽ വഴികളെല്ലാം കനകമായിരിക്കും. ●



## ഉണ്ണികവിത

സ്കൂൾ തുറക്കും കാലത്ത്
കൂട്ടുകൂടാൻ രസമാണേ
കളിച്ചും പഠിച്ചും വലുതാകും
ഈശോ കുട്ടികളായിടും

ഈശോ കുഞ്ഞുങ്ങളായിടാൻ
യേശുവോടൊത്ത് വളരേണം
പ്രാർത്ഥന ചൊല്ലി വളരേണം
നന്മകൾ കൊണ്ട് നിറയേണം

സോണു

# ബൈബിൾ ക്വിസ് ഉത്തരങ്ങൾ

**2017 ജനുവരി – ഏപ്രിൽ**

1. ബാർബരാ ജത്താ
2. പ്രതിപുരുഷൻ
3. ലിയോ പതിമൂന്നാമൻ
4. ബിഷപ്പ് മാർ ആന്റണി കരിയിൽ
5. അന്തോക്യായിലെ വി.ഇഗ്നേഷ്യസ്
6. ഫാ.തോമസ് തെന്നാട്ട
7. ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ
8. പെദ്രോ പാബ്ലോ കുസിൻസ്കി
9. 2016 നവം.1ന് ,
   സാൻ പൗളോ ബസിലിക്കയിൽ വച്ച്
10. പാ.അർതുറോ ഡോസ അബാസ്കൽ
11. യുവജനങ്ങൾ
12. വി.അബ്രോസ്
13. വി.അഗസ്റ്റിൻ
14. ഫിൽ മ്യൂൾ റൈൻ
15. വി.പത്താംപീയൂസ്
16. ജോസഫ്
17. ജോഷ്വാ
18. 123 വയസ്സ്
19. കർത്താവിനെ പൂർണ്ണമായി
    അനുസരിച്ചുകൊണ്ട്
20. ഫിനെഹാസ്.



# നാശം വിതയ്ക്കുന്ന ലഹരികൾ

അഡ്വ. ചാർളി പോൾ MA; LLB

## മദ്യമെന്ന ഭീകരൻ

രാസപരമായി കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ എന്നിവയുടെ സംയുക്തമായ എതനോൾ ($C_2H_2OH$)അല്ലെങ്കിൽ ഈതൈൻ ആൽക്കഹോൾ ആണ് മദ്യത്തിലെ അടിസ്ഥാന രാസവസ്തു(ലഹരി വസ്തു) നിറമില്ലാത്തും കഴിച്ചാൽ എരിച്ചിൽ ഉണ്ടാക്കുന്തും കത്തിച്ചാൽ കത്തുന്നതുമായ ദ്രാവകമാണ് ശുദ്ധമായ ആൽക്കഹോൾ. ഇത് തുറന്നുവെച്ചാൽ എളുപ്പം ബാഷ്പീകരിച്ചു പോകും.

ഈതൈൽ ആൽക്കഹോളിന് ഗ്രെയിൻ ആൽക്കഹോൾ എന്നും പേരു പറയും. ധാന്യങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടാണ് ഗ്രെയിൻ ആൽക്കഹോൾ എന്നു പേരുവന്നത്. ഇതിൽ വിഷാംശം ഉണ്ട്. എങ്കിലും വളരെവേഗം മാരകമാകുകയില്ല. എന്നാൽ ഉപയോഗിക്കുന്ന മദ്യത്തിന്റെ അളവ് കൂടുന്നതനുസരിച്ചും ഉപയോഗത്തിന്റെ കാലദൈർഘ്യമനുസരിച്ചും അപകടാവസ്ഥയിലെത്തും. പുളിപ്പിക്കൽ പ്രക്രിയയിലൂടെയും ഡിസ്റ്റിലേഷൻ പ്രക്രിയയിലൂടെയുമാണ് മദ്യം ഉൽപ്പാദിപ്പിക്കുന്നത്.

**മദ്യം ശരീരത്തിൽ**

ആൽക്കഹോളിന്റെ അംശം രക്തത്തിൽ കൂടുന്തോറും ലഹരിയും വർദ്ധിക്കും. മദ്യപന്റെ രക്തത്തിലെ മദ്യത്തിന്റെ തോത് അളക്കുന്നത് ലിറ്ററിന് ഇത്ര മില്ലിഗ്രാം എന്ന തോതിലാണ് ഇതിന് ബിഎസി (Blood Alcohol Concentration) എന്ന് പറയും. ഉദാഹരണത്തിന് ബിഎസി ലിറ്ററിന് 1000 മില്ലിഗ്രാം ആകുമ്പോൾ സംസാരം കൂടും. നിയന്ത്രണം വിട്ട് ഉച്ചത്തിൽ സംസാരിക്കും. അരുതുകളും വിലക്കുകളും ലംഘിക്കും.

ബിഎസി 2000– 3000 മില്ലിഗ്രാം ആകുമ്പോൾ കൈകാലുകൾ വിറയ്ക്കും. ദേഹമാകെ തളരും. ബോധം നഷ്ടപ്പെടാം. ബിഎസി 4000– 7000 മില്ലിഗ്രാം ആകുമ്പോൾ മരണവും സംഭവിക്കാം. മദ്യം ശരീരത്തിലെ ഓരോ അവയവങ്ങളെയും തകർക്കുന്നു.

**മദ്യം കരളിനെ ബാധിക്കുന്നു**

ആൽക്കഹോളിന്റെ ഓക്സീകരണം നടക്കുന്നത് കരളിലായതിനാൽ അമിതമായ മദ്യപാനം കരളിന്റെ പ്രവർത്തനത്തിന്റെ ഭാരം വർദ്ധിപ്പിക്കുന്നു. ഇതുമൂലം കരൾവീക്കം, മഞ്ഞപ്പിത്തം, സിറോസീസ് എന്നിവ ബാധിക്കുന്നു. കരൾ ദ്രവിച്ച് ഇല്ലാതാകുന്ന പ്രക്രിയയാണ് സിറോസീസ്.



**ദഹനേന്ദ്രീയവ്യൂഹം**

അന്നനാളത്തിനകത്തെ ശ്ലേഷ്മസ്തരത്തെ മദ്യം നശിപ്പിക്കുന്നു. ഇത് രക്തസ്രാവത്തിന് കാരണമാകുന്നു.കാൻസർ വരുത്തുന്നു.

ആമാശയത്തിനകത്ത് പൊട്ടലുകളും പഴുപ്പുകൾക്കും കാരണമാകുന്നു. ഗാസ്ട്രൈറ്റിസ്, ആമാശയവ്രണങ്ങൾ എന്നിവ ഉണ്ടാകുകയും ചെയ്യും.

**രക്തപര്യയനവ്യൂഹം**

രക്തം കട്ടപിടിക്കാനുള്ള കഴിവിനെ മദ്യം കുറയ്ക്കുന്നതിനാൽ രക്ത സ്രാവമുണ്ടാകാൻ സാധ്യത കൂടുതലാണ്. രക്തക്കുഴൽ പൊട്ടി രക്തം ഛർദ്ദിച്ച് മദ്യപർ മരിക്കാനിടയുണ്ട്.

**ഹൃദയം**

മദ്യത്തിൽ ഉത്തേജിതമായ ഹൃദയം ഒരു ദിവസത്തിൽ 8000 പ്രാവശ്യത്തോളം കൂടുതൽ മിടിക്കേണ്ടി വരുന്നു. ഹൃദയത്തിന്റെ അമിതപ്ര വർത്തനം ഹൃദയപേശികളെ ബാധിക്കാം. കാർഡിയാക് മയോപ്പതി എന്ന ഹൃദ യപേശികളെ ബാധിക്കുന്ന രോഗം വരാം. ഹൃദയസ്തംഭനത്തിന് കാരണമാ കാം.

**ശ്വാസനവ്യൂഹം**

മദ്യം രക്തത്തിൽ ഒരു പരിധിയിൽ കൂടുതലാകുമ്പോൾ തലച്ചോറിലെ ശ്വാസോച്ഛ്വാസകേന്ദ്രം പ്രവർത്തനരഹിതമാകുകയും ശ്വാസോച്ഛ്വാസം നിന്ന് മരണം സംഭവിക്കുകയും ചെയ്യാം.

**പ്രത്യുൽപാദനേന്ദ്രിയ വ്യൂഹം**

ലൈംഗീക ഉത്തേജനം ആദ്യഘട്ടത്തിൽ ഉണ്ടാകാമെങ്കിലും ക്രമേണ ലൈംഗീക ശേഷിക്കുറവിന് മദ്യം കാരണമാകുന്നു. മദ്യപിക്കുന്ന സ്ത്രീകളിൽ അണ്ഡോൽപാദനത്തിന് തടസ്സമുണ്ടാകിനിടയുണ്ട്. ഗർഭഛിദ്രത്തിനുള്ള സാധ്യ തയും കൂടുതലാണ്. ജനിക്കുന്ന കുഞ്ഞിന് ബുദ്ധിമാന്ദ്യവും അംഗവൈകല്യവും ഉണ്ടാകാം.

**കാൻസർ**

മദ്യപാനികളിൽ വായ്, നാക്ക്, അന്നനാളം, കരൾ എന്നിവിടങ്ങളിൽ കാൻസർ വരാൻ സാധ്യത കൂടുതലാണ്.

**വൃക്കകൾക്ക് കേട് വരുത്തുന്നു.**

ശരീരത്തിലെ മാലിന്യങ്ങളെ പുറത്തുകളയുന്ന വൃക്കകളെ മദ്യം നശി പ്പിക്കുന്നു. മൂത്രം പോകാൻ ബുദ്ധിമുട്ട്, ശരീരമാസകലം നീര്, മൂത്രത്തിൽ പഴു പ്പ്, വേദന, മൂത്രത്തിൽ കല്ല്, തളർച്ച മയക്കം, ഞെട്ടൽ ഇവയെല്ലാം മദ്യം വൃക്ക കളെ നശിപ്പിക്കുമ്പോൾ ഉണ്ടാകുന്നു.

മദ്യപന്റെ ശരീരത്തിന് രോഗപ്രതിരോധശക്തി കുറയുന്നതുകൊണ്ട് മറ്റ് രോഗങ്ങളും പിടിപെടാൻ സാധ്യത കൂടുതലാണ്.

*(തുടരും)*

# ഉയിർപ്പുകാലം ഉണർവ്വിന്റെ കാലം



2017 ലെ ഉയിർപ്പ് തിരുനാൾ ആഘോഷത്തിലാണല്ലോ നാം. ദൈവം മനുഷ്യമക്കൾക്കുവേണ്ടി ഈ ലോകത്തിൽ പ്രവർത്തിച്ച ഏറ്റവും ശ്രേഷ്ഠമായതും വിശ്വാസ്യയോഗ്യവുമായ അത്ഭുതമാണ് യേശുനാഥന്റെ ഉയിർത്തെഴുന്നേൽപ്പ്. അതിന് മുന്നോടിയായി ദൈവം സ്വപുത്രനെ ലോകത്തിന് നല്കി. യേശു ദൈവരാജ്യത്തെപ്പറ്റിയും, പശ്ചാത്താപത്തെപ്പറ്റിയും പാപമോചനത്തെപ്പറ്റിയും നമ്മെ പഠിപ്പിച്ചു. പല നിയമങ്ങളും പ്രമാണങ്ങളും അത്ഭുതങ്ങളും യേശുനാഥൻ വഴി മനുഷ്യന് നല്കുകയും ചെയ്തു. യഹൂദരുടെ തെറ്റായ നിയമങ്ങളും പ്രവർത്തികളെയും വിമർശിക്കുകയും അതിനെതിരെ പ്രതികരിക്കുകയും ചെയ്തു. തിന്മ പ്രവർത്തിക്കുന്നവരോട് നന്മ പ്രവർത്തിക്കുവാനും, ഇല്ലാത്തവന് കൊടുക്കുവാനും വലതു കരണത്ത് അടിക്കുന്നവന് ഇടതു കരണം കൂടി കാണിച്ചുകൊടുക്കുവാനും ശത്രുക്കളെ സ്നേഹിക്കുവാനും, സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ പരിപൂർണ്ണരായി സ്വർഗ്ഗഭാഗ്യം നേടുവാനും നമ്മെ പഠിപ്പിച്ചു.

ഇതു വഴി നമുക്ക് പാപബോധവും നന്മചെയ്യുവാനുള്ള കൃപയും ലഭിക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങളുടെയും ദാനധർമ്മങ്ങളുടെയും പരസ്പരസഹായങ്ങളുടെയും സന്ദേശവാഹകരായി. യഥാർത്ഥ ക്രിസ്തു അനുയായികളായി മാറാനും കഴിയുന്നു. പക്ഷെ പലപ്പോഴും നമ്മുടെ സ്വാർത്ഥതയും വലിയവരാകാനുള്ള ദുരാഗ്രഹവും മേൽപറഞ്ഞ കാര്യങ്ങളിൽ നിന്ന് ചിലരെയെങ്കിലും മാറ്റിനിറുത്തുന്നില്ലേ എന്ന് ചിന്തിക്കേണ്ടതുണ്ട്. നാം തെറ്റ് ചെയ്യുമ്പോൾ തിരുത്തുന്നതിനും പശ്ചാത്തപിക്കുമ്പോൾ പാപമോചനം നേടുന്നതിനും ഉള്ള അവസരങ്ങൾ ദൈവം നമുക്ക് തരുന്നുണ്ട്. എന്നാലും സ്വയം ന്യായീകരിക്കുന്നതിനും തെറ്റുകൾ മൂടിവയ്ക്കുവാനും നാം ശ്രമിക്കുന്നു. ഇതിന് ദൈവത്തിന്റെ മുമ്പിൽ ന്യായീകരണമില്ല എന്ന കാര്യം പലപ്പോഴും നാം വിസ്മരിക്കുന്നു. തെറ്റിന് കൂട്ടുനിൽക്കുന്നവനാകട്ടെ രണ്ട് പാപമാണ് ഒരേ സമയം ചെയ്യുന്നത് - സ്വയം പാപിയാകുവാനും മറ്റൊരുവനെ പാപിയാക്കുകയും ചെയ്യുന്നു.

മദ്യപാനിയായ ഒരു മനുഷ്യന്റെ ചിന്ത ഇവിടെ പ്രസക്തമാണെന്ന് തോന്നുന്നു. സ്ഥിരം മദ്യം കഴിക്കുന്നയാൾ റോഡിൽ കാണുന്നവരോട് പറയും "ന്യായം പലതും ഉണ്ട്,

പക്ഷെ സത്യം ഒന്നേയുള്ളു.''നമ്മളിൽ പലരേയും ഉദ്ദേശിച്ചല്ല അയാൾ പറയുന്നത്. പലപ്പോഴും പല ന്യായങ്ങൾ പറഞ്ഞ് സത്യത്തിൽ നിന്ന് വ്യതിചലിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ദൈവത്തിൽ നിന്ന് അകലുന്നു. അതിനാൽ ഫരിസേയനെപ്പോലെ സ്വയം ന്യായികരിക്കാതെ ചുങ്കക്കാരനെപ്പോലെ ഞാൻ പാപിയാണെന്ന് ഏറ്റു പറയാം. വ്യഭിചാരത്തിന് പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയുവാനുള്ള നിയമം നടപ്പാക്കാൻ വന്ന ഫരിസേയരോടും നിയമജ്ഞരോടും യേശു പറഞ്ഞത് ''നിങ്ങളിൽ പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ'' എന്നാണ്. (യോഹ. 8-3) തൽക്ഷണം അവരുടെ കൈകളിൽ നിന്ന് കല്ലുകൾ താഴെ വീണു. ആരും അവളെ കല്ലെറിഞ്ഞില്ല. ഇവിടെ വ്യഭിചാരിണിയായ സ്ത്രീക്ക് ഒന്നും സംഭവിച്ചില്ല എന്നുള്ളതല്ല പ്രധാനം കല്ലെറിയുവാൻ വന്നവരുടെ കുറ്റസമ്മതമാണ്. അതുവഴിഅവരുടെ പാപമോചനവും വ്യഭിചാരിണിയുടെ പാപമോചനവും സംഭവിക്കുന്നു. ഇതാണു പ്രധാനം. ഇപ്രകാരം നമ്മുടെ തെറ്റുകൾ തിരുത്താൻ ഈ ഉയിർപ്പുകാലം ഉപകരിക്കട്ടെ.

അറപ്പുരകൾ വലുതാക്കി ധാന്യങ്ങൾ ശേഖരിച്ച് വയ്ക്കുവാൻ തീരുമാനിച്ച ധനികനായ കൃഷിക്കാരനെ - ഭോഷ ഇന്ന് നിന്റെ ആത്മാവ് നഷ്ടപ്പെട്ടാൽ നിന്റെ ചിന്തകൾക്ക് എന്ത് സംഭവിക്കും എന്ന് ചോദിച്ച ദൈവം, നീയിന്ന് ആരെയെങ്കിലും വഞ്ചിച്ചിട്ടുണ്ടെങ്കിൽ നിനക്ക് ഉള്ളതിൽ നിന്ന് അർഹമായ ദാനധർമ്മം ചെയ്തിട്ടില്ലെങ്കിൽ, നിന്റെ ജോലിയിൽ വീഴ്ച വരുത്തിട്ടുണ്ടെങ്കിൽ സമൂഹത്തിൽ മാന്യത പുലർത്തിട്ടിയില്ലെങ്കിൽ ദൈവം നിന്നെ എന്ത് പേരാണ് വിളിക്കുക. തമിഴിൽ ഒരു ചിന്തയുണ്ട്, അത് ഇപ്രകാരമാണ്.

*“വീട് വരെ തോഴർ*
*വീഥി വരെ പൈമ്പിള്ളെ*
*ചുടല വരെ പിള്ളൈ*
*കടശ്ശിവരെ ആരൈ”*

നമ്മുടെ വേർപാടിൽ അവസാനം നാമും, നമ്മുടെ നല്ല പ്രവർത്തികളും മാത്രം. പ്രവർത്തികൾ നന്നായാൽ തലമുറകൾ നമ്മെ സ്മരിക്കും ദൈവം വാഗ്ദാനം ചെയ്ത പറുദീസാ നമുക്ക് ലഭിക്കും. അതിനാൽ ഈ ഉയിർപ്പുകാലം ആത്മീയമായ ഉണർവ്വിന്റെ കാലഘട്ടമാകുവാൻ ദൈവത്തോട് ചേർന്ന് നില്ക്കാം.

M.S ●

**ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനുവേണ്ടിയുള്ള പ്രാർത്ഥനാറാലി**






# ഇടവകവാർത്തകൾ

**ജനുവരി – ഏപ്രിൽ 2017**

**ജനുവരി 1** : പുതുവർഷാരംഭം രാവിലെ 6.00 ന് ആരാധനയോടെ പ്രാർത്ഥനകൾ ആരംഭിച്ചു. തുടർന്ന് തിരുനാൾ കുർബാനയും നൊവേനയും ഉണ്ടായിരുന്നു.

**6,7,8,9 : ഇടവക തിരുനാൾ**, ഇടവകമദ്ധ്യസ്ഥനായ ദിവ്യഉണ്ണിശോയോടുടെയും വി.സെബസ്ത്യാമോസിന്റെയും തിരുനാൾ ഭക്തി നിർഭരമായി ആഘോഷിച്ചു. 6–ാം തീയതി വൈകിട്ട് തിരുനാൾ കൊടിയേറി. തുടർന്ന് ഇടവക വൈദീകരുടെ നേതൃത്വത്തിൽ വി.കുർബാനയും പ്രസംഗവും അതിനുശേഷം വാഹന വെഞ്ചിരിപ്പും നടന്നു.

7–ാം തീയതി ശനിയാഴ്ച രാവിലെ 7 മണിക്ക് ഫാ.ജെയിംസ് തൊട്ടിയലച്ചൻ വി.കുർബാന അർപ്പിക്കുകയും ഫാ.ബാബു വരിയ്ക്കമായ്ക്കലച്ചൻ പ്രസംഗം പറയുകയും ചെയ്തു. തുടർന്ന് വീടുകളിലേക്ക് അമ്പ് എഴുന്നുള്ളിപ്പും നടന്നു. വൈകിട്ട് 9 മണിക്ക് എല്ലാ ഭാഗത്തുനിന്നുമുള്ള അമ്പ് പ്രദക്ഷിണങ്ങൾ പള്ളിയിൽ സമാപിച്ചു.

8–ാം തീയതി ഞായറാഴ്ച 10.00 മണിക്ക് ആഘോഷമായ തിരുനാൾ പാട്ടുകുർബാന ഫാ.സനൽ കുറ്റിപ്പുഴക്കാരൻ അർപ്പിക്കുകയും, ഫാ.ടോണി പഴയകുളം സി.എസ്.ടി പ്രസംഗം പറയുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ടൗൺ അമ്പും രാത്രി നാടകവും ഉണ്ടായിരുന്നു.

9–ാം തീയതി രാവിലെ 6.30 ന് ഇടവകയിലെ മരിച്ചുപോയ എല്ലാ ആത്മാക്കൾക്കുംവേണ്ടി വി.കുർബാന അർപ്പിക്കുകയും അതേ തുടർന്ന് തിരുനാൾ സമാപിക്കുകയും ചെയ്തു.

പള്ളത്താടി കുഞ്ഞുവറീത് ടോമി ആയിരുന്നു തിരുനാൾ കൺവീനർ.

**ജനുവരി 24** : വൈകിട്ട് 6.30 ന് പാരീഷ് കൗൺസിലർ യോഗം നടന്നു. തുടർന്ന് 7.00 മണിക്ക് തിരുനാൾ കമ്മിറ്റിയോഗം കൂടുകയും, ചെറിയ സ്നേഹവിരുന്നോടെ കമ്മിറ്റി പിരിച്ചുവിടുകയും ചെയ്തു.

**ജനുവരി26** : 10,11,12 ക്ലാസ്സുകളിലെ മതബോധന പരീക്ഷ നടന്നു.

**ജനുവരി31** : ഡി.എഫ്.സി യോഗം നടന്നു.

**ഫെബ്രുവരി 5** :12–ാം ക്ലാസ്സിലെ വേദപാഠ വിദ്യാർത്ഥികൾക്ക് സമുചിതമായ രീതിയിൽ യാത്രയപ്പ് നല്കി.

**ഫെബ്രുവരി 12**: ഇടവകയിലെ സി.എൽ.സി സംഘടനയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അങ്കമാലി എൽ. എഫ് ആശുപത്രിയുടെയും ജോയ് ആലുക്കാസ് ഗ്രൂപ്പും ചേർന്ന് നടത്തിയ സൗജന്യ മെഗാ മെഡിക്കൽ

ക്യാമ്പ് 1500 ഓളം പേർ പങ്കെടുത്തു.

**ഫെബ്രുവരി 23** : കാടുകുറ്റി സെന്റ് അഗസ്റ്റിൻ എൽ.പി സ്കൂളിന്റെ വാർഷികം നടന്നു.

**ഫെബ്രുവരി 26** :വലിയ നോമ്പ് ആരംഭിച്ചു.

1 മുതൽ 9 വരെയുള്ള മതബോധന വിദ്യാർത്ഥികളുടെ പരീക്ഷ നടന്നു.

**മാർച്ച് 1** : വിഭൂതി ബുധൻ. കുരിശുവര പെരുന്നാൾ ആചരിച്ചു. ഔദ്യോഗികമായി വലിയ നോമ്പിലേയ്ക്ക് കടന്നു. നോമ്പുകാലത്ത് എല്ലാ ദിവസങ്ങളിലും കുർബാനയ്ക്കു മുമ്പായി കുരിശിന്റെ വഴി പ്രാർത്ഥന നടത്തിയിരുന്നു.

**മാർച്ച് 5** : വൈകിട്ട് 6.30 മുതൽ 8.00 മണിവരെ പരീക്ഷ ഒരുക്ക പ്രാർത്ഥനയും ആരാധനയും നടന്നു. അന്നേദിവസം പുഷ്പഗിരി ഇടവകയിൽ വച്ച് നടന്ന ഗ്രേസ് റിപ്പിൾസ് ദമ്പതികൂട്ടായ്മയിൽ നമ്മുടെ ഇടവകയിൽ നിന്ന് 20 ഓളം പേർ പങ്കെടുത്തു.

നോമ്പുകാല ഞായാറാഴ്ചകളിൽ രാവിലെ വി.കുർബാനയ്ക്കുശേഷം 10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഇടവകയിലെ തന്നെ യോഗ്യരായവരുടെ നേതൃത്വത്തിൽ മോട്ടിവേഷണൽ ക്ലാസ്സുകൾ നടത്തി.

**മാർച്ച് 11** : 2.30 മുതൽ വിധവകൾക്കായുള്ള ക്ലാസ്സുകൾ നടന്നു. 60 ഓളം പേർ പങ്കുചേർന്നു.

**മാർച്ച് 12** : പള്ളിവളപ്പിലെ ജാതിക്ക ലേലം ചെയ്തു. വൈകീട്ട് 6.30 ന് കോട്ടമുറി ജംഗ്ഷൻ കപ്പേളയിലേയും 7.00 മണിക്ക് പാമ്പുത്തറ സെന്റ് ജോർജ് കപ്പേളയിലേയും തിരുനാൾ കമ്മിറ്റി യോഗം ചേർന്നു.

ദീപിക പത്രത്തിന്റെ പ്രചരണാർത്ഥം ഡി.എഫ്.സി അംഗങ്ങളും യൂണിറ്റ് ഭാരവാഹികളും എല്ലാ ഭവനങ്ങളും സന്ദർശിച്ച് 150 ഓളം വരിക്കാരെ നമ്മുടെ ഇടവകയിൽ നിന്നും കണ്ടെത്തി.

**മാർച്ച് 18** : വൈകുന്നേരം യുവാക്കൾക്കുവേണ്ടി നടത്തിയ സെമിനാറിൽ 70 ഓളം യുവാക്കൾ പങ്കെടുത്തു. സുപ്രസിദ്ധ വാഗ്മി അഡ്വ. ചാർളി പോൾ സാർ ക്ലാസ്സ് നയിച്ചു.

**മാർച്ച് 19** : ആറാം യൂണിറ്റിന്റെ നേതൃത്വത്തിൽ വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ പള്ളിയിൽ ചെറിയ രീതിയിൽ ആഘോഷിച്ചു. എല്ലാവർക്കും നേർച്ച പായസം നല്കി. ഉച്ചതിരിഞ്ഞ് മലയാറ്റൂർ തീർത്ഥാടനത്തിൽ 80 ഓളം ഇടവക ജനങ്ങൾ പങ്കെടുത്തു. ആദ്യകുർബ്ബാനയ്ക്കുശേഷം മെയ് 1-ാം തീയതിയിലെ ഊട്ടുത്തിരുനാളിന്റെ പൊതുയോഗം നടത്തി.

മതബോധന വിദ്യാർത്ഥികളുടെ ബൈബിൾ ഇന്റൻസീവ് കോഴ്സ് മാർച്ച് 31, ഏപ്രിൽ 1,2 തീയതികളിൽ നടന്നു. മാർച്ച് 31 വെള്ളിയാഴ്ച വൈകീട്ട് 6.30 ന് കോട്ടമുറി ജംഗ്ഷൻ കപ്പേളയിൽ നിന്ന് ഫാ.ടോം ഉഴുന്നാലിന്റെ മോചനത്തിനായി പ്രാർത്ഥിച്ചുകൊണ്ട് മെഴുകുതിരി കത്തിച്ച് ഇടവകസമൂഹം മുഴുവനും പങ്കുചേർന്ന് പ്രാർത്ഥന റാലി നടത്തി. റാലി പള്ളിയിൽ എത്തിച്ചേർന്നപ്പോൾ

പതാക ഉയർത്തി, ബൈബിൾ പ്രതിഷ്ഠ നടത്തി, ദീപം തെളിയിച്ച് ഇന്റൻസീവ് ബൈബിൾ കോഴ്സ് ഉദ്ഘാടനം ചെയ്തു. കുർബാനയ്ക്കുശേഷം ഇടവകസമൂഹത്തിനായി 'പാഷൻ ഓഫ് ക്രൈസ്റ്റ്' സിനിമാ പ്രദർശനം നടത്തി. 2-ാം തീയതി ഞായറാഴ്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉച്ചഭക്ഷണം നല്കി.

പാരീഷ് ഹാൾ നവീകരണത്തെക്കുറിച്ചുള്ളസർവ്വേ ആസ്പദമാക്കി പൊതുയോഗം നടന്നു.

**ഏപ്രിൽ 9 :** ഓശാന ഞായർ  എല്ലാ വർഷങ്ങളിലേപോലെതന്നെ ഓശാന ഞായറിലെ തിരുകർമ്മങ്ങൾ കോട്ടമുറി ജംഗ്ഷനിലെ വി.അന്തോണീസിന്റെ കപ്പേളയിൽ നിന്ന് രാവിലെ 6.30 മണിക്ക് ആരംഭിച്ചു. അന്നേദിവസം മുന്നു മണി മുതൽ ഇടവകജനങ്ങളുടെ കുമ്പസാരവും 5 മണി മുതൽ 9 മണി വരെ റവ.ഫാ.ബാബു വരിയ്ക്കമാക്കലിൽ അച്ചന്റെ നേതൃത്വത്തിൽ അർദ്ധദിന വചനധ്യാനവും ആരാധനയും നടന്നു.

**ഏപ്രിൽ 13 :  പെസഹാവ്യാഴം** രാവിലെ 6.30 മണിക്ക് യൂണിറ്റുകളിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ട 12 ശ്ലീഹന്മാരുടെ പാദങ്ങൾ കഴുകി ചുംബിച്ചുകൊണ്ട് തിരുകർമ്മങ്ങൾ ആരംഭിച്ചു. യൂണിറ്റുകളുടെ നേതൃത്വത്തിലും അടിസ്ഥാനത്തിലും ആരാധന ഭക്തിപൂർവ്വം നടത്തി. വൈകിട്ട് 7.00 മണി മുതൽ 8 മണി വരെ പൊതു ആരാധനയും തുടർന്ന് അപ്പം മുറിക്കൽ ശുശ്രൂഷയും പുത്തൻപാന പാരായണവും ഉണ്ടായിരുന്നു.

**ഏപ്രിൽ 14 : ദുഃഖവെള്ളി**. എല്ലാ തിരുകർമ്മങ്ങളും പതിവുപോലെ നടന്നു. പരിഹാരപ്രദക്ഷിണത്തിന്റെ ആദ്യം മുതൽ അന്ത്യം വരെ പടയാളികളുടെ മദ്ധ്യേ ഭാരമേറിയ കുരിശും വഹിച്ചുകൊണ്ട് നീങ്ങിയ യേശുനാഥൻ വേറിട്ട അനുഭവമായിരുന്നു.

**ഏപ്രിൽ 16 : ഉയിർപ്പു ഞായർ**. യുവജനങ്ങളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ഉയിർപ്പിന്റെ തിരുകർമ്മങ്ങൾ അതീവഹൃദ്യമായി അവതരിപ്പിച്ചു. വി.കുർബാനയ്ക്കുശേഷം ഈസ്റ്റർ മുട്ടയും കേക്കും കട്ടൻ കാപ്പിയും വിതരണം ചെയ്തു. ഇടവകയിലെ ജൂനിയർ ഗായകസംഘത്തിന്റെ നേതൃത്വത്തിൽ ക്രോസ് മ്യൂസിക് ബാന്റും ഗാനാലാപനവും ഉണ്ടായിരുന്നു.

**ഏപ്രിൽ 18 :** മുരിങ്ങൂർ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ വച്ച് നടന്ന ഹോളി ഫെയർ യുവജന കൺവെൻഷനിൽ നമ്മുടെ ഇടവകയിൽ നിന്ന് 60 ഓളം പേർ പങ്കെടുത്തു.

**ഏപ്രിൽ 20 :** മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ വേദപാഠ ക്ലാസ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവരം മുടങ്ങാതെ വന്നവരും അധ്യാപകരും ചേർന്ന് മൂന്നാറിലേക്ക് വിനോദയാത്ര നടത്തി.

**ഏപ്രിൽ 21,22,23 :**പാമ്പുതറ സെന്റ് ജോർജ് കപ്പേളയിലെ തിരുനാൾ വളരെ ഭംഗിയായും ഭക്തിയായും ആഘോഷിച്ചു.

വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് വികാരിയച്ചൻ പതാക ഉയർത്തി ബലി

യർപ്പിച്ചുകൊണ്ട് തിരുനാളിന് ആരംഭം കുറിച്ചു. വത്സലച്ചൻ പ്രസംഗം നടത്തി. തുടർന്ന് ജപമാല പ്രദക്ഷിണം നടത്തി.

22 ശനിയാഴ്ച റവ.ഫാ.നിക്സൻ കട്ടാശ്ശേരി വി.ബലിയർപ്പിച്ചു. 23 -ാം തീയതി ഞായറാഴ്ച ഫാ.വിപിൻ കുരിശുംതറ സി.എം.ഐ. ബലിയർപ്പിക്കുകയും ഫാ.ഷിജോ കോനുപറമ്പൻ സന്ദേശം നല്കുകയും ചെയ്തു. പ്രദക്ഷിണത്തോടും സ്നേഹവിരുന്നോടുംകൂടി തിരുനാൾ സമാപിച്ചു.

**ഏപ്രിൽ 29:** പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും. നമ്മുടെ ഇടവകയിലെ 18 മക്കൾ അന്നേദിവസം രാവിലെ 7.00 മണിക്ക് പരി.കുർബാനയും സ്ഥൈര്യലേപനവും സ്വീകരിച്ചു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സും അധ്യാപകരും തിരുകർമ്മങ്ങൾക്ക് നേതൃത്വം നല്കി.

**മെയ് 1** : തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിതാവിന്റെ തിരുനാൾ രാവിലെ 10.00 മണിക്ക് നൈപുണ്യ കോളേജ് പ്രിൻസിപ്പാൾ ഫാ.സജി കണ്ണംപറമ്പിൽ മുഖ്യകാർമ്മികത്വത്തിലുള്ള ബലിയോടെ ആരംഭിക്കുകയും തുടർന്ന് ഇടവകജനങ്ങളുടെ ആത്മാർത്ഥമായ പ്രയത്നത്തോടെ ഊട്ടുനേർച്ച നടത്തുകയും ചെയ്തു. ●

## ഉത്തരം പറയാമോ?

വീട്ടു ജോലിക്കുവന്ന സ്ത്രീയും വീട്ടമ്മയുമായി ഒരു കരാർ ഉണ്ടാക്കി. എല്ലാ ദിവസവും ജോലിക്ക് വരണം. വരുന്ന ദിവസം ഭക്ഷണം സൗജന്യം. ദിവസവും 64 രൂപ കൂലി. മുടക്കം വന്നാൽ ദിവസം 80 രൂപ വീട്ടമ്മയ്ക്ക് നല്കണം. ഇതാണു കരാർ. 36 ദിവസം കഴിഞ്ഞപ്പോൾ കണക്ക് തീർത്തു. ജോലിക്കാരിക്ക് ഭക്ഷണം മാത്രം മിച്ചം. രണ്ടു പേർക്കും കരാർ പ്രകാരം ഒന്നും കൊടുക്കേണ്ടി വന്നില്ല. എങ്കിൽ ജോലിക്കാരി എത്ര ദിവസം ജോലിക്ക് വന്നു?

M.S

*(ഉത്തരം അടുത്ത ലക്കത്തിൽ)*

***കഴിഞ്ഞ ലക്കത്തിലെ ഉത്തരം : 7 പേർ - 3 സഹോദരന്മാർ, 4സഹോദരിമാർ***

| കുടുംബയൂണിറ്റിലെ **ബൈബിൾ ക്വിസ് ഭാഗങ്ങൾ** | | |
|---|---|---|
| **2017 മെയ്** | - | **വി. മത്തായി 1,2,3 അദ്ധ്യായങ്ങൾ** |
| **2017 ജൂൺ** | - | **വി. മത്തായി 4,5,6 അദ്ധ്യായങ്ങൾ** |
| **2017 ജൂലൈ** | - | **വി. മത്തായി 7,8,9 അദ്ധ്യായങ്ങൾ** |
| **2017 ആഗസ്റ്റ്** | - | **വെളിപാട് 4-9 അദ്ധ്യായങ്ങൾ** |

# വിശുദ്ധർ വഴികാട്ടികൾ

## വി.ഫിലിപ്പ് (മെയ് 3 )



ഗലീലിയിലുള്ള ബത്സയിദായിൽ നിന്നാണ് ഫിലിപ്പ്. പത്രോസും അന്ത്രയോസും വിളിക്കപ്പെട്ടതിന്റെ പിറ്റേദിവസമാണ് ഫിലിപ്പിന്റെ വിളി. അദ്ദേഹം വിവാഹിതനായിരുന്നു. ധാരാളം പെൺമക്കൾ ഉണ്ടായിരുന്നു. എന്നിട്ടും കർത്താവിനെ അനുധാവനം ചെയ്യാൻ അതൊരു പ്രതിബന്ധമായിരുന്നില്ല. നിയമവും പ്രവചനവും വായിച്ച് രക്ഷകനെ കണ്ടു പിടിക്കാൻ ഉത്സുകനായിരിക്കുമ്പോഴാണ് ഈശോയുടെ വിളി. രക്ഷകനെ കണ്ടെത്തിയ ഉടനെ തന്റെ ഭാഗ്യത്തിൽ പങ്കുകൊള്ളുവാൻ സുഹൃത്തായ നഥാനിയേലിനേയും വിളിച്ചു.

അയ്യായിരം പേർക്ക് അപ്പം വർദ്ധിപ്പിക്കുന്നതിന് മുമ്പ് ഫിലിപ്പിന്റെ വിശ്വാസം പരീക്ഷിക്കുവാൻ ഈശോ ചോദിച്ചു, “ഇവർക്ക് ഭക്ഷിക്കുവാൻ നാം എവിടെ നിന്നാണ് അപ്പം വാങ്ങുക? ”ഫിലിപ്പിന്റെ മറുപടി, “ഇവർക്കോരോരുത്തർക്കും അല്പമെങ്കിലും ലഭിക്കുവാൻ ഇരുനൂറ് ദനാറകളുടെ അപ്പം മതിയാകുകയില്ല.”(യോഹ 6:7). “കർത്താവേ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക” എന്നപേക്ഷിച്ചതും ഫിലിപ്പാണ്.

പന്തകുസ്താ കഴിഞ്ഞതോടെ അദ്ദേഹം ബ്രിജിയായിൽ സുവിശേഷം പ്രസംഗിക്കുകയും ഹീറാപ്പോലീസിൽ വച്ച് രക്തസാക്ഷിമകുടം ചൂടുകയും ചെയ്തു.

വിചിന്തനം :- ഫിലിപ്പ് ദൈവസ്നേഹം മാത്രമാണ് തീവ്രമായി ആഗ്രഹിച്ചിരുന്നത്. ഈശോയുടെ പിതാവുമായി ചേർന്നിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.



## വി.മെഡാർഡ് (457 – 545)
മെത്രാൻ (ജൂൺ 8)

ഫ്രാൻസിൽ സലൈൻസിൽ ഭക്തിയും കുലീനത്വമുള്ള ഒരു കുടുംബത്തിൽ മെഡാർഡ് ഭൂജാതനായി. ബാല്യം മുതൽ അവൻ ദരിദ്രരോട് അസാധാരണ അനുകമ്പ കാണിച്ചിരുന്നു. ഒരു ദിവസം അവന്റെ കുപ്പായം അന്ധനായ ഒരു ഭിക്ഷുവിന് ദാനം ചെയ്തു. അതിനെപ്പറ്റി മാതാപിതാക്കൾ ചോദ്യം ചെയ്തപ്പോൾ അവൻ പറഞ്ഞു, “ക്രിസ്തുവിന്റെ കഷ്ടപ്പെടുന്ന ഒരവയവത്തിന് എന്റെ വസ്ത്രത്തിന്റെ ഓരോഹരി കൊടുക്കാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല”എന്നാണ്. കുട്ടികൾക്ക് ആശാ നിഗ്രഹം എന്തെന്ന് അറിയാതിരുന്ന കാലത്ത് ഉപവാസമായിരുന്നു മെഡാർഡിന്റെ ആനന്ദം. അതോടൊപ്പം പ്രാർത്ഥനയും എകാന്തതയും അവൻ ഇഷ്ടപ്പെട്ടു.

സ്വഭവനത്തിന്റെ ആർഭാടങ്ങൾ അവനെ ആകർഷിച്ചില്ല. 33 -ാം വയസ്സിൽ മെഡാർഡ് പുരോഹിതനായി. ഹൃദയസ്പർശകമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. എളിമയും ശാന്തതയും വഴി സ്വമനസ്സിനെ അദ്ദേഹം നിഗ്രഹിച്ചിരുന്നു. സന്തോഷത്തിലും സന്താപത്തിലും അവൻ സമചിത്തനായിരുന്നു.

എഴുപത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം മെത്രാനായി. പുതിയ ജീവിതം തന്റെ താപസചര്യയെ ലഘുപ്പെടുത്തിയില്ല. ശത്രുക്കൾ ആക്രമിച്ചപ്പോൾ അദ്ദേഹം നാടുമുഴുവൻ ചുറ്റിനടന്ന് വന്യരായ ഗള്ളിയരേയും ഫ്രാങ്കുകളെയും മാനസാന്തരപ്പെടുത്തികൊണ്ടിരുന്നു. ക്ഷമയും എളിമയും പരസ്നേഹവും വിതച്ചു. അജ്ഞതയും ദ്വേഷ്യവും നീക്കി, സുവിശേഷ പ്രകാശം വീശി. 88-ാമത്തെ വയസ്സിൽ ജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്ന മെഡാർഡു മെത്രാൻ ദിവംഗതനായി.

വിചിന്തനം :- നല്ല ഇടയന്മാർ പ്രാർത്ഥനാശീലമുള്ളവരാകണം. പരസ്യ പ്രാർത്ഥനകൊണ്ട് തൃപ്തരാകരുത്. എകാന്തതയിൽ ദീർഘനേരം പ്രാർത്ഥനയിലും ധ്യാനത്തിലും അവർ ദൈവത്തോട് ചേർന്ന് ജീവിക്കുന്നവരാകണം.

## വി.തോമാശ്ലീഹ
(ജൂലൈ 3)



ഗലീലിയിലെ മീൻ പിടിത്തക്കാരിൽ നിന്ന് അപ്പസ്തോല സ്ഥാനത്തേക്ക് വിളിക്കപ്പെട്ട ഒരു ധീര പുരുഷനാണ് തോമ്മാശ്ലീഹ. വി.യോഹന്നാന്റെ സുവിശേഷത്തിൽ ശ്ലീഹായെ സംബന്ധിക്കുന്ന മുന്ന് സംഗതികൾ വിവരിച്ചിരിക്കുന്നു.

ബഥാനിയായിൽ പോയി ലാസറിനെ കാണാമെന്ന് ഈശോ പറഞ്ഞപ്പോൾ, അവിടെ ഈശോയെ കല്ലെറിയുവാൻ തുടങ്ങിയ കാര്യം ശ്ലീഹന്മാർ അനുസ്മരിച്ചപ്പോൽ തോമാശ്ലീഹ പറഞ്ഞു, നമുക്കും അവിടുത്തോടുകൂടി മരിക്കാം. (യോഹ.11:16) ധീരമായ ഈ വാക്കുകൾ മദ്രാസിലെ ചിന്നമലയിൽ നിറവേറി.

ഈശോ തന്റെ പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കാൻ പോകുകയാണെന്നും താൻ പോകുന്ന വഴി ശ്ലീഹന്മാർക്ക് അറിയാമെന്നും പറഞ്ഞപ്പോൾ തോമ്മാശ്ലീഹാപറഞ്ഞു, "കർത്താവേ അങ്ങ് എങ്ങോട്ടാണ് പോകുന്നതെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി എങ്ങനെ അറിയും." (യോഹ 14 : 3-4). ഈശോ അദ്ദേഹത്തിനു നല്കിയ മറുപടി സർവ്വലോകരും അറിഞ്ഞിരിക്കേണ്ടതാണ്. "ഞാനാകുന്ന വഴിയും സത്യവും ജീവനും, ഞാൻ വഴിയല്ലാതെ ആരും പിതാവിന്റെ അടുക്കലെത്തുന്നില്ല" പുനരുത്ഥാനത്തിൽ സംശയിച്ച ശ്ലീഹ അവിടുത്തെ കണ്ടശേഷം "എന്റെ കർത്താവേ എന്റെ ദൈവമേ" (യോഹ.20:29) എന്നു വിളിച്ചുപറഞ്ഞു.

പന്തകുസ്തായ്ക്കുശേഷം പാർത്ഥ്യ, പേർഷ്യ, മേഡിയ എന്നിവിടങ്ങളിൽ സുവിശേഷം പ്രസംഗിച്ചശേഷം 52 നവംബർ 21-ാം തീയതി കൊടുങ്ങല്ലൂർ വന്നു ചേർന്നു. പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കോട്ടക്കാവ്, കൊല്ലം നിരണം,

ചായൽ എന്നി എഴുസ്ഥലങ്ങളിൽ കുരിശുകൾ സ്ഥാപിച്ചശേഷം 72 ജൂലൈ 3 -ാം തീയതി ചിന്നമലയിൽ വച്ച് ഒരു ഏബ്രാന്തിരിയുടെ കുത്തേറ്റ് മരിച്ചു. അദ്ദേഹത്തിന്റെ ശരീരം മൈലാപ്പൂർ കടൽത്തീരത്ത് സംസ്കരിച്ചു.

വിചിന്തനം :- ശ്ലീഹായുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വാക്കുകൾ വി.കുർബാനയുടെ മുവ്പിൽ നില്കുമ്പോൾ നമ്മുടെ ഹൃദയത്തിലും അധരങ്ങളിലും സദാ ഉണ്ടായിരിക്കട്ടെ.



## ലിമയിലെ വി.റോസ (കന്യക)
ആഗസ്റ്റ് 23

അമേരിക്കയിൽ നിന്ന് ഒന്നാമതായി വിശുദ്ധയെന്ന് നാമകരണം ചെയ്യപ്പെട്ട റോസ പെറുവിന്റെ തലസ്ഥാനമായ ലിമയിൽ ജനിച്ചു. അവളുടെ ജ്ഞാനസ്നാന നാമം ഇസബെൽ എന്നായിരുന്നു. അവളുടെ സൗന്ദര്യം കണ്ടിട്ട് എല്ലാവരും റോസ എന്നുവിളിക്കുവാൻ തുടങ്ങി.

ബാല്യം മുതൽ അവൾ പ്രദർശിപ്പിച്ചിരുന്ന ക്ഷമയും സഹനവും അസാധാരണമായിരുന്നു. ആഴ്ചയിൽ മൂന്നുപ്രാവശ്യം റൊട്ടിയും വെള്ളവും മാത്രം കഴിച്ച് ഉപവസിച്ചിരുന്നു. തലയിൽ തലമുടിയുടെ ഇടയിൽ ഒരു മുൾക്കീരിടവും അരയിൽ ഒരു ഉരുമ്പു ചങ്ങലയും ധരിച്ചിരുന്നു. വളർന്നുവന്നപ്പോൾ തന്റെ സൗന്ദര്യത്തെ പ്പറ്റി പലരും സംസാരിക്കുന്നതു കേട്ടപ്പോൾ അവൾ മുഖത്തും കൈകളിലും കുരുമുളകുപൊടി തേച്ച് വിരൂപമാക്കിയിരുന്നു. ഒരിക്കൽ ഒരു യുവാവ് അവളുടെ കരങ്ങളുടെ മൃദുലതയെപ്പറ്റി സംസാരിച്ചപ്പോൾ അവൾ ഓടിച്ചെന്ന് രണ്ടു കരങ്ങളും ചൂടുള്ള കുമ്മായത്തിൽ താഴ്ത്തി സ്വന്തം പരീക്ഷകൾ ജയിക്കാനല്ല അപരർക്കു പരീക്ഷ ഉണ്ടാകാതിരിക്കാനാണ് അവൾ അങ്ങനെ ചെയ്തത്.

മാതാപിതാക്കളുടെ സമ്പത്ത് നശിച്ച് അവർ വലഞ്ഞപ്പോൾ,അവൾ അടുത്ത വീടുകളിൽ ജോലി ചെയ്ത് കുടുംബം പോറ്റിയിരുന്നു. കന്യകയായി ദൈവത്തെ ശുശ്രൂഷിക്കുവാൻ ആഗ്രഹിച്ച് റോസ ഡൊമനിക്കൽ മൂന്നാം സഭയിൽ ചേർന്നു. ഏകാന്തതയ്ക്കുവേണ്ടി അവൾ ഉദ്യാനത്തിൽ ഒരു പർണ്ണശാല ഉണ്ടാക്കി. മുള്ളുകളുടെ ഇടയിൽ തന്നെയാണ് ഈ റോസും വികസിച്ചത്. ദീർഘകാല രോഗത്തിലും സഹനത്തിലും അവളുടെ പ്രാർത്ഥന ഇപ്രകാരമായിരുന്നു. കർത്താവേ, എന്റെ സഹനങ്ങൾ വർദ്ധിപ്പിക്കണമെ. അവയോടൊപ്പം എന്റെ സഹനശക്തിയും വർദ്ധിപ്പിക്കണമെ.

1617 ൽ ആഗസ്റ്റ് 24-ാം തീയതി 31 മത്തെ വയസ്സിൽ ഈ പുഷ്പം വാടിവീണു. 1671 ൽ പത്താം ക്ലെമന്റ് മാർപ്പാപ്പ അവളെ പുണ്യവതി എന്നു പേരു വിളിച്ചു.

വിചിന്തനം: - കുരിശുരൂപം കൈയ്യിലെടുത്തു സ്നേഹപൂർവ്വം ഈശോയുടെ മുറിവുകൾ ചുംബിക്കുകയും മുൾമുടിയും ആണിയും ദിവ്യരക്തവും പറയുന്ന വാക്കുകൾ ശ്രവിക്കുക - മനനം ചെയ്യുക.




## 2017 ജനുവരി – ഏപ്രിൽ
## (ജനറൽ, വെളിപാട് 4 – 9 അദ്ധ്യായങ്ങൾ)

1 ഈ വർഷത്തെ ശാലോം മീഡിയ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പുരസ്കാരത്തിന് അർഹനായത് ആര്? എതു നോവലിന്?

2. ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ?

3. സീറോ – മലബാർ സഭയ്ക്ക് എത്ര രൂപതയുണ്ട്?

4. 2017 – കുട്ടികളുടെ വർഷമായി ആചരിക്കുന്ന ഇടവക?

5. മൈസൂർ രൂപതയുടെ പുതിയ ബിഷപ്പ്?

6. വത്തിക്കാനിൽ നാലു മാർപ്പാപ്പമാരുടെ ഡോക്ടറായി സേവനം ചെയ്തിട്ടുള്ള വ്യക്തി ആര്?

7. ഏഴാമത് ഏഷ്യൻ യൂത്ത് ഡേ എവിടെ വച്ച്? എന്ന്?

8. മനുഷ്യാത്മാവിനു ദൈവകരുണയുടെ അനന്യമായ ലേപനം പകർന്നു നല്കുന്ന പരമോന്നത കോടതിയാണ് കുമ്പസാരകൂടെന്ന് പറഞ്ഞത് ആര്?

9. വി.യൗസേപ്പിന്റെ ഗോത്രം ഏത്?

10. വി.യൗസേപ്പിനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ച മാർപ്പാപ്പ? എന്ന് ?

11. സഭയെ 'മാതാവ്' എന്ന് ആദ്യമായി വിളിച്ചത് ആരാണ് ?

12. ഉർസുളിൻ സന്യാസ സഭാ സ്ഥാപക ആര് ?

13. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആര്?

14. സി. റാണിമരിയയെ വാഴ്ത്തപ്പെട്ട രക്തസാക്ഷിയായി ഉയർത്തുന്നതിനുള്ള രേഖയിൽ ഫ്രാൻസീസ് മാർപ്പാപ്പ ഒപ്പുവച്ച ദിവസം ?

15. സിംഹാസനത്തിൽ ഇരുന്നവൻ കാഴ്ചയിൽ എപ്രകാരമായിരുന്നു?

16. കുഞ്ഞാട് രണ്ടാമത്തെ മുദ്ര തുറന്നപ്പോൾ എന്താണ് കണ്ടത്?

17. ആറാമത്തെ മുദ്ര തുറന്നപ്പോൾ എന്താണ് അപ്രത്യക്ഷമായത്?

18. ഇസ്രായേൽ മക്കളുടെ എല്ലാ ഗോത്രങ്ങളിൽ നിന്ന് സംരക്ഷണംമുദ്രിതരുടെ എണ്ണം എത്രയായിരുന്നു?

19. മൂന്നാമത്തെ ദൂതൻ കാഹളം മുഴക്കിയപ്പോൾ ആകാശത്തുനിന്ന് അടർന്നുവീണ ഒരു വലിയ നക്ഷത്രത്തിന്റെ പേര് എന്ത്?

20. അഞ്ചാമത്തെ ദൂതൻ കാഹളം മുഴക്കിയപ്പോൾ ഉണ്ടായ പുകയിൽ നിന്ന് എന്താണ് ഭൂമിയിലേക്ക് പുറപ്പെടുന്നത്?

## ബൈബിൾ ക്വിസ് വിജയികൾ

| I[st] | II[nd] |
|---|---|
| 1. മരിയ ജോർജ് കുടിയിരിപ്പിൽ | 1. ഷീല ജോർജ് വട്ടോലി |
| 2. ലിസ്സി ബിജു തേലേക്കാട്ട് | 2. ലില്ലി ജോസ് പെരേപ്പാടൻ |
| 3. ആനി ടോമി പള്ളത്താട്ടി | |

# കുടുംബയോഗങ്ങളിൽ വായിക്കേണ്ട വചനഭാഗങ്ങൾ



മെയ് 2017

**യേശു വീണ്ടും പ്രത്യക്ഷപ്പെടുന്നു.** (യോഹ.21 : 1 – 4)

ക്രിസ്തുവിന്റെ മരണശേഷം ഭയവിഹ്വലരായ ശിഷ്യന്മാർ ഒരുമിച്ച് കൂടിയിരിക്കുകയായിരുന്നു. ശിമയോൻ പത്രോസ്, ദിദിമോസ് എന്നു വിളിക്കുന്ന തോമസ്, ഗലീലിയിലെ കാനായിൽ നിന്നുള്ള നഥാനയേൽ, സെബദിയുടെ രണ്ടു പുത്രന്മാർ, ബ്രഹ്മചാരിയും സ്നേഹശിഷ്യനുമായ യോഹന്നാൻ, മറ്റൊരു ശിഷ്യനടക്കം ഏഴംഗ അപ്പസ്തോല സംഘമായിരുന്നത്. പെട്ടെന്ന് ഞാൻ മീൻ പിടിക്കുവാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ട് പത്രോസ് വള്ളത്തിൽ കയറി. തങ്ങളുടെ നാഥൻ നഷ്ടപ്പെട്ടു എന്ന ചിന്തയാൽ ഭയവിഹ്വലരും ദുഃഖിതരുമായവർ, സുവിശേഷ പ്രസംഗത്തിനുവേണ്ടി അവർ ഉപേക്ഷിച്ച ജോലിയിലേക്ക് (മീൻപിടിത്തത്തിന്) ഇറങ്ങിത്തിരിക്കുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. നാഥൻ നഷ്ടപ്പെട്ടു എന്ന ചിന്തയും നാഥനാൽ കൈവിടപ്പെട്ടു എന്ന അനുഭവവും വരുമ്പോൾ നമുക്കും പലപ്പോഴും സംഭവിക്കുന്ന ഒരു വലിയ തെറ്റാണിത്. വികാര നിർഭരമായ ഒരു ഹൃദയം ഒരു വലിയ തെറ്റിൽ ചെന്നു വീഴുന്നുവെങ്കിലും താൻ അതിയായി സ്നേഹിക്കുകയും തന്നെ മാത്രം സ്നേഹിക്കുകയും ചെയ്തിരുന്ന പത്രോസിന്റെ ബോധപൂർവ്വമല്ലാത്ത ഈ പരമബന്ധത്തെ യേശു ഒരു സുപ്രധാന രംഗത്തിനുള്ള കളമൊരുക്കലായി തിബേരിയോസ് കടൽത്തീരത്തെ മാറ്റി. വയറു നിറയെ വിശപ്പും, മനസ്സു നിറയെ വിഷമതകളും, ഹൃദയം നിറയെ വേദനകളുമായി അവർ രാത്രി മുഴുവൻ അദ്ധ്വാനിച്ചു. പക്ഷേ ഫലമുണ്ടായില്ല. അവർക്കൊന്നും കിട്ടിയില്ല. അവർ തിരിച്ചുപോരുകയാണ്. കർത്താവില്ലാത്ത പകലുകളും രാത്രികളും ശൂന്യമാണെന്നും, കർത്താവിനോട് കൂടിയല്ലാത്ത അദ്ധ്വാനം കേവലം നിഷ്ഫലമാണെന്നും അദ്ധ്വാനവും ക്ഷീണവും നിരാശയും മാത്രമായി അവ മാറുമെന്നും അതിനാൽ സ്വാർത്ഥാഭിലാഷ പ്രേരിതരായി അഹങ്കാരത്തോടെ സ്വന്തം കഴിവുകളിൽ മാത്രം ആശ്രയിച്ച് ജീവിത രംഗങ്ങളിൽ വലയിറക്കരുതെന്നും യേശു നമ്മെ ഇതുവഴി മനസ്സിലാക്കിത്തന്നു. ഇത്തരം സന്ദർഭങ്ങളും അനുഭവങ്ങളും നമ്മുടെ ജീവിതത്തിലും പലപ്പോഴും ഉണ്ടായിട്ടില്ലേ? കൈമലർത്തി, ഹൃദയവേദനയോടെ നിറമിഴികളോടെ പിൻതിരിയേണ്ടി വന്ന എത്രയോ അനുഭവങ്ങൾ! ഇതിൽ നിന്നെല്ലാം നാം ഒന്നുമല്ല എന്നു നമ്മെ ബോധ്യപ്പെടുത്തുകയും, സർവ്വശക്തനായ ദൈവത്തെ അംഗീകരിക്കേണ്ടതിന്റെയും നമ്മുടെ ഓരോ പ്രവർത്തനത്തിലും ദൈവത്തിന്റെ സാന്നിധ്യം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്ന നിമിഷങ്ങളെ ഓർത്ത് ദൈവത്തിന് നമുക്ക് നന്ദി പറയാം.

വെളുപ്പാൻ കാലമായപ്പോൾ യേശു കടൽത്തീരത്ത് പ്രത്യക്ഷപ്പെട്ടു. അപ്പസ്തോലന്മാർ മത്സ്യം പിടിച്ചിരുന്ന സ്ഥലത്തുനിന്നു വെറും നൂറുവാര അകലെയായിരുന്നു അവിടുന്ന് നിന്നത്. യേശു അനുകമ്പയോടെ വിളിച്ചുചോദിച്ചു "കുഞ്ഞുങ്ങളെ നിങ്ങളുടെയടുക്കൽ മീൻ വല്ലതുമുണ്ടോ?" ചോദിക്കുന്നത് ആരാണെന്ന് മനസ്സിലായില്ലെങ്കിലും വിഷാദത്തോടും നിസ്സഹായതയോടും കൂടി

യാണ് വി.പത്രോസ് ഒന്നും കിട്ടിയില്ല എന്ന് മറുപടി പറഞ്ഞത്. ഒരു കാര്യം ശ്രദ്ധേയമാണ്, അവരുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നറിഞ്ഞിട്ടും അത്ഭുതകരമായി അവരെ സഹായിക്കാൻ അവിടുന്ന് തീരുമാനിച്ചിരിന്നിട്ടും അവരുടെ കഷ്ടസ്ഥിതിടെ അവരെ കൊണ്ടുതന്നെ പറയിച്ചുകൊണ്ട് ദൈവത്തിൻ നിന്ന് സഹായം ലഭിക്കണമെന്ന ഒരാഗ്രഹം അവരിൽ യേശു ഉളവാക്കി. അവരുടെ മനംനൊന്ത പ്രാർത്ഥന ശ്രവിച്ചശേഷം ഒരു പ്രത്യേക സ്ഥലത്ത് വലവീശാൻ കർത്താവ് അവരോട് പറയുകയാണ്. മത്സ്യപ്പിടുത്തത്തിൽ വിദഗ്ദ്ധനായിരുന്ന പത്രോസിനും മറ്റ് അപ്പസ്തോലന്മാർക്കും അറിയാമായിരുന്നു ആ സമയത്ത് വലവീശിയാൽ ഒന്നും കിട്ടുകയില്ലെന്ന്. മാത്രമല്ല രാത്രിമുഴുവൻ അദ്ധ്വാനിച്ച് അവശരായിരുന്ന അവർക്ക് വീണ്ടും ജോലി ചെയ്യുവാൻ ശക്തിയും ഇല്ലായിരുന്നു. എന്നിട്ടുപോലും യേശു പറഞ്ഞതുപോലെ അവർ ചെയ്തു. എന്തായിരുന്നു അതിന്റെ അനന്തഫലം? വലനിറയെ മീൻ. ഒരു ചെറിയ വീശുവലയിൽ 153 വലിയ മത്സ്യങ്ങൾ, വല കീറിയതുമില്ല. ദൈവപരിപാലനയുടെ ശക്തിയേറിയ അടയാളം.

അത്ഭുതെ കണ്ടയുടനെ ഈശോ അധികം സ്നേഹിച്ചിരുന്ന ശിഷ്യൻ അവിടുത്തെ തിരിച്ചറിയുന്നു. “അത് കർത്താവാണ്” എന്ന് ഉറക്കെ നിലവിളിച്ച് നിശ്ചലനായി നോക്കിനിൽക്കുന്നു. അത് കർത്താവാണ് എന്ന് കേട്ടയുടനെ പത്രോസ് കടലിലേക്ക് ചാടുന്നു. സ്നേഹം വ്യക്തിയെ തിരിച്ചറിയുന്നു. വിശ്വാസം സാഹസികയത്നങ്ങളിലൂടെ വ്യക്തിയെ എത്തിപിടിക്കുന്നു. അനുഗ്രഹം കണ്ടെത്തുന്നു.വലയും മീനും കൂടെയുണ്ടായിരുന്നവരെയും ഉപേക്ഷിച്ച് പത്രോസ് കർത്താവിനെ സ്വീകരിക്കാൻ എത്തുന്നു. തന്റെ സ്വന്തമായ എല്ലാറ്റിനേയും പ്രതിസമ്മാനമായി നൽകിയാണ്. നാഥൻ പത്രോസിന്റെ ചാട്ടത്തെ ശ്ലാഘിച്ചത്. യോഹന്നാനും പത്രോസും നമുക്കോരോരുത്തർക്കും മാതൃകയാകണം. വി. യോഹന്നാനെപ്പോലെ സ്നേഹം കൊണ്ട് യേശുവിനെ തിരിച്ചറിയുവാനും വി. പത്രോസിനെപ്പോലെ വിശ്വാസംകൊണ്ട് സാഹസീകതയിലൂടെ ആയാൽപ്പോലും അവിടുത്തെ എത്തിപ്പിടിച്ച് സ്വന്തം ജീവിതത്തിലേക്കും സമൂഹത്തിലേക്കും പ്രവർത്തനരംഗങ്ങളിലേക്കും കൊണ്ടുവരാനും നമുക്കു സാധിക്കണം.

കരയ്ക്കടുത്ത ശിഷ്യർ കണ്ടതോ, അവിടെ തീക്കനൽ കൂട്ടിയിരിക്കുന്നതും അതിന്മേൽ മത്സ്യം വച്ചിരിക്കുന്നതും അപ്പം ചുട്ടുവച്ചിരിക്കുന്നതുമാണ്. അവിടുന്ന് അവരോട് അരുൾച്ചെയ്തു. നിങ്ങൾ പിടിച്ച മീൻ കുറെ കൊണ്ടുവരുവിൻ”. അത് സ്വീകരിച്ച് പാകം ചെയ്ത് അവിടുന്ന് പറയുകയാണ് വന്ന് പ്രാതൽ കഴിക്കുവിൻ അനന്തരം അടുത്തുചെന്ന് അപ്പവും മത്സ്യവും എടുത്ത് അവർക്ക് കൊടുക്കുന്നു.

എളിമയുടെയും വിനയത്തിന്റെയും അദ്ധ്വാനത്തിന്റെയും പരസ്പരശുശ്രൂഷയുടെയും മഹനീയ മാതൃക നൽകുന്ന മഹാഗുരുവിനെയാണ് നാം ഇവിടെ കാണുന്നത്. അധികാരം സേവനമാണെന്നും അധികാരി ശുശ്രൂഷകനാണെന്നും ക്രിസ്തു പഠിപ്പിക്കുന്നു. തന്നിൽ നിന്നു പുറപ്പെടാത്തതായി യാതൊരു അധികാരവും ഭൂമിയില്ല. മൂന്നുകൊല്ലക്കാലം തന്നോടുകൂടി ജീവിച്ച് തന്റെ സാന്നിധ്യവും സ്നേഹവും മതിവരുവോളം അനുഭവിച്ചിട്ടും അത്ഭുതങ്ങളിലും പ്രതാപങ്ങളിലും പങ്കുകൊണ്ട് നടന്നിട്ടും തന്റെ ദുഃഖം നിറഞ്ഞ അവസാനു നാളുക

ലിൽ തന്നെ ഉപേക്ഷിച്ചകലയുകയും പരസ്യമായി നിഷേധിക്കുകയും ചെയ്ത ശിഷ്യരെ വീണ്ടുംപിന്തുടരന്ന രക്ഷകനേയും അവിടുത്തെ രക്ഷാകര സ്നേഹ ത്തെയുമാണ് നാം ഇവിടെ കാണുന്നത്.

സ്നേഹം ഒരിക്കലും നിശ്ചലമല്ല. അത് അകന്നതിനെ അടുപ്പിക്കുന്നു. ഉപേക്ഷിച്ചതിനെ സ്വീകരിക്കുന്നു. നിഷേധിച്ചതിനെ വീണ്ടും ആശ്ലേഷിക്കുന്നു. ക്രിസ്തു തന്നെ പരിത്യജിച്ചവരെ സ്വീകരിക്കുന്നു. അവർക്കായി അത്ഭുതങ്ങൾ ചെയ്യുന്നു. അവർക്കായി വിരുന്നൊരുക്കുന്നു. അവരോടൊന്നിച്ച് ഭക്ഷിച്ച് ആനന്ദിക്കുന്നു. അവരിൽ നിന്നും സ്വീകരിക്കുകയും സ്വന്തമായുള്ളത് അവർക്കു നൽകുകയും ചെയ്തുകൊണ്ടാണ് നാഥൻ അവരോടൊന്നിച്ച് പ്രാതൽ കഴിക്കുന്നത്. സമൂഹത്തിന്റെ സന്തുഷ്ടിക്കും സമാധാത്തിനും സ്നേഹാന്തരീക്ഷത്തിനും പര സ്പര ദാനം ആവശ്യമാണെന്നും ക്രിസ്തു നമുക്കായി വ്യക്ത മാക്കിത്തരുന്നു.



**എം.ഒ ജേക്കബ്ബ്.**

**ജൂൺ**

## മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്നവർക്ക് പീഡകൾ അനിവാര്യം

(വി.മത്താ 10: 16–25)

“ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.” (മത്താ.16 : 24) എന്നുള്ള യേശുവിന്റെ വാക്കുകളിൽ നിന്ന് പീഡകളുടെയും സഹനങ്ങളുടെയും പ്രാധാന്യം നമുക്ക് വ്യക്തമാക്കുന്നു. പീഢകൾ കൂടാതെ യുള്ള യേശുവിന്റെ ജീവിതം അപൂർണ്ണമാണ്. യേശുവിനോടൊത്ത് ആയിരി ക്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ പീഢകൾ ഒഴിവാക്കാനാവില്ല എന്ന് ഈ വചനഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു. എന്റെ നാമം മൂലം നിങ്ങൾ സർവ്വ രാലും ദ്വേഷിക്കപ്പെടും. അവസാനം വരെ സഹിച്ചുനിൽക്കുന്നവൻ രക്ഷപ്പെടും. എന്നുള്ള തിരുവചനത്തിലൂടെ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുന്നവർക്ക് പീഡ കൾ അനിവാര്യമാണെന്ന് യേശു വ്യക്തമാക്കുന്നു. എന്നാൽ നമ്മൽ പാവം മനുഷ്യർ ജീവിതത്തിൽ സഹനങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വരു മ്പോൾ അപ്രതീക്ഷിതമായി എന്തോ സംഭവിച്ചു എന്ന പോലെ പരിഭ്രമിക്കു ന്നു. ചിലപ്പോൾ വിശ്വാസം വെടിയുന്നു. മറ്റുചിലപ്പോൾ ബന്ധങ്ങൾ വെട്ടിമുറി ക്കുന്നു. പരസ്പരം പഴിചാരുന്നു. ദുഃശ്ശീലങ്ങളിലേക്ക് വഴുതി വീഴുന്നു. എന്നാൽ ഈ നിസ്സാഹായവസ്ഥയിൽ നിരാശപ്പെടാൻ നമുക്ക് അവകാശമില്ല. നമ്മുടെ ഉള്ളിലുള്ള ദൈവസാന്നിധ്യത്തിലേക്ക് ചെവിയോർത്താൽ നമുക്ക് കേൾക്കാം. അവിടുത്തെ ശബ്ദം “അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക, ഞാൻ നിന്നെ മോചിപ്പിക്കും, നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും” (സങ്കീ.50:15)

ജീവിതത്തിലെ ഓരോ നിമിഷങ്ങളും നാം വിവിധ തരം പീഢകളിൽ കൂടി കടന്നുപോകുന്നു. സ്വന്തം ഭവനത്തിലും കുടുംബാംഗങ്ങൾക്കും വേണ്ടി ഓരോ പിതാവും മാതാവും ഓരോ മക്കളും കടന്നുപോകുന്ന സഹനത്തിന്റെ വഴികൾ നമുക്ക് ചിന്തിക്കാവുന്നതിലും അപ്പുറമാണ്. സാമ്പത്തിക ബുദ്ധിമുട്ടു

കളായും, അനാരോഗ്യമായും, അവഗണിക്കപ്പെട്ടും പരിഹാസപാത്രമായും അനാഥരായും സ്വന്തം ഇഷ്ടങ്ങൾ, സ്വന്തപ്പെട്ടവർക്കായി നീക്കിവച്ചും ആരോടും പങ്കുവയ്ക്കുവാൻ പറ്റാത്ത വേദനകളാൽ ഉള്ളം തേങ്ങിയും നാം സഹിക്കുന്ന പീഢകൾ എത്രയേറെ. എന്നാൽ ഈ സഹനാവസരങ്ങളിൽ ഇത് എന്റെ കർത്താവറിയാതെ സംഭവിക്കുന്നതല്ല എന്നും എന്നെ താങ്ങുവാൻ അവിടുന്ന് എപ്പോഴും എന്റെ കൂടെയുണ്ടെന്നുമുള്ള ബോധ്യമാണ് ഒരു ക്രിസ്ത്യാനിയെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. സഹനത്തിന്റെ പാതകളിൽ കൂടി കടന്നുപോകേണ്ടി വരുമ്പോൾ നാം മനസ്സിലാക്കണം ഇത് വിശുദ്ധിയിലേക്കുള്ള വഴിയാണ്. വിശുദ്ധിയിലേയ്ക്കുള്ള വഴിയാണ്. വിശുദ്ധിയിലേക്ക് യേശു വിളിച്ചവരിൽ എന്റെ പേരും ഉണ്ടെന്ന്. യേശുവിനോടൊത്തായിരിക്കുമ്പോൾ അവസാനം വരെ സഹിച്ചുനിൽക്കുവാൻ നമുക്ക് ശക്തി ലഭിക്കും.

നമ്മുടെ ജീവിതങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ നമുക്ക് പരിഹാരം കാണാൻ കഴിയാത്ത പല പ്രശ്നങ്ങളും നമ്മെ സഹനത്തിന്റെ എരിതീയിൽ ഉരുക്കിയിട്ടുണ്ട് എന്ന് കാണുവാൻ പറ്റും. പക്ഷേ അതിൽ നിന്നെല്ലാം ഉയിർത്തെഴുന്നേറ്റ് നാം ഇന്നും ജീവിക്കുന്നു. അതെ നമ്മുടെ ദൈവത്തിന്റെ കരുണാർദ്രമാർന്ന കരങ്ങളാണ് നമ്മെ ഉയിർപ്പിച്ചത് എന്ന് നമുക്ക് നന്ദിയോടെ ഓർക്കാം. കർത്താവേ പീഡകളും സഹനങ്ങളും ഞങ്ങളെ തളർത്താൻ ഇടവരുത്തരുതേ. ഉത്സാഹത്തോടെയും ആത്മധൈര്യത്തോടെയും സുവിശേഷ വേല ചെയ്യുവാനുള്ള ശക്തിയും ചൈതന്യവും കൃപയും ഞങ്ങളിലേക്ക് വർഷിക്കേണമെ. യേശുവെ നന്ദി, യേശുവെ സ്തുതി, യേശുവെ ആരാധന.



**ഷീജ ജോൺ**
**ചിറപ്പണത്ത്**

**ജൂലൈ**

### പശ്ചാത്തപിക്കുന്നില്ലെങ്കിൽ നാശം (ലൂക്ക 13. 1-13)

പുറപ്പാട് 34: 7 ൽ പറയുന്നു, കർത്താവ് കാരുണ്യവാനും കൃപാ നിധിയുമായ ദൈവം. കോപിക്കുന്നതിൽ വിമുഖൻ. സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ. തെറ്റുകളും കുറ്റങ്ങളും പാപങ്ങലും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ. ദൈവത്തിന്റെ കരുണയുടെ ഭാവങ്ങൾ ഈ വചനത്തിലൂടെ നമുക്ക് കണ്ടെത്താം. എന്നാൽ കരുണയിലേക്ക് കടന്നുവരാൻ ഒന്നേ ആവശ്യപ്പെടുന്നുള്ളു, പശ്ചാത്താപം.

യേശുവിന്റെ രണ്ട് ശിഷ്യരാണ് ശിമയോൻ പത്രോസും, യൂദാസ് സ്കറിയോത്തായും. രണ്ടുപേരും 3 വർഷക്കാലം ഊണിലും ഉറക്കത്തിലും യേശുവിനോടൊപ്പം കൂടെയുണ്ടായിരുന്നവൻ. തന്റെ കുരിശു മരണത്തോടടുത്തപ്പോൾ രണ്ടുപേരും രണ്ടു വിധത്തിൽ യേശുവിൽ നിന്നകന്നു. തന്നെത്തള്ളിപ്പറഞ്ഞ്, എന്നാൽ പശ്ചാത്തപിച്ച് തിരുച്ചുവന്ന ശിമയോൻ പത്രോസ് സഭയുടെ പ്രഥമ തലവനായി. 30 വെള്ളിക്കാശിന് ഒറ്റിക്കൊടുത്ത യൂദാസ് കുറ്റബോധത്താൽ പരവശാനായി തൂങ്ങിച്ചത്തു. യേശുവിന്റെ കുരിശുയാത്രയിൽ കൂടെയുണ്ടായിരുന്നവരിൽ രണ്ടു കള്ളന്മാരുണ്ടായിരുന്നു. വലതു വശത്തുകിടന്ന കള്ളൻ. തന്റെ കുറ്റം ഏറ്റുപറഞ്ഞ് യേശുവിനോടൊപ്പം പറുദീസായിലെത്തി. തന്നെത്തന്നെ

കുറ്റംവിധിക്കുകയും യേശുവിനെ പഴിചാരുകയും ചെയ്തു. ഇടതു കള്ളന് എന്ത് സംഭവിച്ചുവെന്ന് നമുക്കറിയാം.

ജീവിതത്തിൽ തെറ്റുപറ്റാത്തവർ ആരുമില്ല. തെറ്റ് ഏറ്റ് പറഞ്ഞ് അതിൽ നിന്ന് മോചനം നേടുക ദൈവീകതയാണ്. പാപത്തിനിരയായ മറിയം മഗ്ദലനയോട് "നീ സമാധാനത്തിൽ പോവുകയെന്ന്" പറഞ്ഞ യേശു, കുമ്പസാരക്കൂട്ടിൽ നമ്മോടും പറയുന്നു, സമാധാനത്തിൽ ജീവിക്കുകയെന്ന്.

എല്ലാം തെറ്റും ചെയ്ത് എല്ലാത്തിനേയും ന്യായികരിച്ചാൽ അത് ദൈവ തിരുമുമ്പിൽ നീതികരണത്തിന് സാധ്യതയില്ല. പശ്ചാത്തപിച്ച് തിരിച്ച് വന്ന ധൂർത്തപുത്രനെ വാരിപുണരുന്ന പിതാവിനെ നാം ബൈബിളിൽ കാണുന്നു. നമുക്ക് നമ്മുടെ കുറ്റങ്ങളും കുറവുകളും തമ്പുരാന്റെ മുമ്പിൽ തുറന്നു സമ്മതിക്കാം. ഇനി ചെയ്യില്ലായെന്ന് പ്രതിജ്ഞയെടുക്കാം. എനിക്കുവേണ്ടി കുരിശിലേറിയ ദൈവപുത്രന്റെ കാലിൽ പിടിച്ച് മാപ്പ് ചോദിക്കാം. ഉത്ഥിതനായ ഈശോ നമ്മെ രക്ഷിക്കും. അങ്ങനെ പശ്ചാത്തപിച്ച് തിരിച്ചുവരുന്ന പാപിയെകുറിച്ച് സ്വർഗ്ഗം സന്തോഷിക്കും.

നിനവെ നഗരം നശിപ്പിക്കുന്നതിനും പകരം യോനാ പ്രവാചകനിലൂടെ അതിനെ വീണ്ടെടുത്ത തമ്പുരാന്റെ മക്കളാണ് നാം. ദൈവത്തിന്റെ കരുണ ഒഴുകുന്ന വലിയ നീർച്ചാലാണ് പശ്ചാത്താപം. പശ്ചാത്തപിക്കുകയും ഫലം തരുന്ന നല്ല അത്തിവൃക്ഷങ്ങളെപ്പോലെയാകുന്നെങ്കിൽ ശാരീരികവും മാനസീകവുമായി കൃപ ലഭിക്കുക മാത്രമല്ല അവർ ദൈവരാജ്യത്തിൽ നിന്ന് അകലെയല്ലന്ന് ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു. ലൂക്കാ സുവിശേഷകനിലൂടെ ദൈവരാജ്യത്തിലെ പുളിമാവാകാൻ നമുക്ക് ശ്രമിക്കാം. നമ്മുടെ പാപങ്ങളെക്കുറിച്ചും, കുറ്റങ്ങളെക്കുറിച്ചും തമ്പുരാന്റെ മുമ്പിൽ പശ്ചാത്തപിക്കാം, കുമ്പസാരക്കൂട്ടിലണയാം.

**അൻസാ ഷാജു**
**വടക്കുംമ്പാടൻ**

**ആഗസ്റ്റ്**

### വചനം, നിയമം, പാരമ്പര്യം(മാർക്കോ. 7 : 1– 13)

ലോകത്തെവിടെയും ഏത് കോണിലും നിയമങ്ങളും പാരമ്പര്യങ്ങളുമുണ്ട്. പാരമ്പര്യങ്ങൾ നിയമങ്ങളാകാറുണ്ട്. നിയമങ്ങളുടെ വ്യാഖ്യാനമായും പ്രായോഗികതയായും ചില പാരമ്പര്യങ്ങളും ഉണ്ടാവാറുണ്ട്. കാരണം പാരമ്പര്യങ്ങളെല്ലാം പ്രായോഗികതയിൽ നിന്ന് ഉത്ഭവിച്ചതാണ്. കാലവും ദേശവും ഭാഷയും സാഹചര്യങ്ങളുമാണ് പാരമ്പര്യങ്ങളുടെ ജനയിതാക്കൾ. എന്നാൽ കാലവും ദേശവും സാഹചര്യങ്ങളും മാറുമ്പോൾ പാരമ്പര്യങ്ങളിലും മാറ്റങ്ങളുണ്ടാകണം. എങ്കിലേ അതിന് അർത്ഥവും പ്രയോജനവുമുണ്ടാവു. എന്നാൽ ചില സന്ദർഭങ്ങളിൽ അവ കർശന നിയമങ്ങളായി ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കാറുണ്ട്.

എന്നാൽ നിയമങ്ങളാവട്ടെ സാർവ്വത്രികവും കാലദേശ ഭാഷാ വ്യത്യാസമില്ലാതെ നടപ്പിലാക്കപ്പെടേണ്ടതുമാണ്. അവ രാഷ്ട്രീയത്തിന്റെയോ മതത്തിന്റെയോ ആകാം. നിയമങ്ങൾക്ക് പ്രായോഗികത വിഷയുമല്ല. ഇത്തരം സന്ദർഭങ്ങളിൽ ജനനേതാക്കൾക്ക് നിയമങ്ങൾക്ക് പ്രായോഗികമായ വ്യാഖ്യാനങ്ങളും

രീതികളും നിർദ്ദേശിക്കാറുണ്ട്.  യേശുവിന്റെ കാലത്ത് ഇങ്ങനെയൊരു പൊരുത്തക്കേടു നില നിന്നിരുന്നു. റോമാ ഭരണത്തിൽ അവരുടെ നിയമങ്ങളും യഹൂദ മതനിയമങ്ങളും തമ്മിൽ പൊരുത്തക്കേടുണ്ടായിരുന്നു. റോമൻ ഭരണം യഹൂദർ വെറുത്തു. അത്തരം സന്ദർഭങ്ങളിൽ പുരോഹിതർ തങ്ങൾക്ക് ഉചിതമായ രീതിയിൽ നിയമം അനുസരിക്കാൻ വേണ്ടി നിർദ്ദേശങ്ങൾ ജനങ്ങൾക്ക് നല്കിപ്പോന്നു. കർശനവും ദൈവദത്തവുമായ തങ്ങളുടെ മതനിയമങ്ങൾ നടപ്പിലാക്കാൻ ജനങ്ങളെ നിർബന്ധിച്ചു. അവ പ്രായോഗികമല്ലെങ്കിൽ പോലും അതോടൊപ്പം ചില പാരമ്പര്യങ്ങളും കർശനമാക്കി. ദേഹശുദ്ധിയും പരതരം ക്ഷാളനവും അത്തരത്തിലുള്ളവയാണ്.

യേശുവിന്റെ ശിഷ്യന്മാർ ഈ പാരമ്പര്യം ലംഘിച്ച് കൈ കഴുകാതെ ഭക്ഷണം കഴിച്ചു എന്ന ആരോപണമാണ് നമ്മുടെ വചനഭാഗം. യേശു ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ച് അതിനു മറുപടി നല്കി. ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ഏറ്റുപറയുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്ന് അകലെയാണ്.... " തങ്ങളുടെ ഇരിപ്പിടങ്ങൾ ഉറപ്പിക്കുവാനും വരുമാനം വിശാലമാക്കുവാനും വേണ്ടി നിയമങ്ങൾ വ്യാഖ്യാനിക്കുകയും പാരമ്പര്യങ്ങൾ കർശനമാക്കുകയും ചെയ്ത പുരോഹിതരുടെയും വരേണ്യവർഗ്ഗത്തിന്റെയും കാപട്യം ഈശോ തുറന്നുകാട്ടി. മനുഷ്യത്വരഹിതമായ പാരമ്പര്യങ്ങളുടെ നിരർത്ഥകതയെ അവിടുന്ന് പുശ്ചിച്ചു. മനുഷ്യന് പ്രയോജനമില്ലാത്ത നിയമങ്ങളും പാരമ്പര്യങ്ങളും  അർത്ഥശൂന്യമാണെന്ന് പ്രസ്താവിച്ചു. പാവപ്പെട്ടവനും അവഗണിക്കപ്പെട്ടവനും പരിഗണിക്കപ്പെടാമെന്ന് ശഠിച്ചു.

മനുഷ്യരക്ഷയും അവന്റെ ഉയർച്ചയുമാണ് യേശുവിന്റെ മനുഷ്യവതാര ലക്ഷ്യം. മനുഷ്യത്വമാണ് അവിടുത്തെ വാക്കുകളുടെയും പ്രവൃത്തികളുടെയും അടിസ്ഥാനം. ക്രിസ്തീയ ജീവിതവും പ്രവർത്തനങ്ങളും അതുകൊണ്ടുതന്നെ മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിലാവണം. യേശുവിന്റെ വാക്കുകളിൽ സ്വർഗ്ഗം ലഭിക്കാൻ ആകെ വേണ്ടതു അതാണ്. വിധി ദിവസം അവിടുന്ന് ചോദിക്കുന്നത് ചെയ്ത പരസ്നേഹപ്രവർത്തനങ്ങളുടെ എണ്ണം മാത്രമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സ്വർഗ്ഗവും നരകവും നിശ്ചയിക്കപ്പെടുന്നത്. അനുസരിച്ച നിയമങ്ങളോ പാലിച്ച പാരമ്പര്യങ്ങളോ അല്ല, പരോപകാര പ്രവൃത്തികൾ മാത്രമാണ് സ്വർഗ്ഗപ്രവേശനത്തിനുള്ള മാനദണ്ഡം. ഈ അവബോധം നമ്മുക്ക് വേരുറപ്പിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

**ലോയി മാസ്റ്റർ**


## പാരിഷ് ബുള്ളറ്റിൻ പരസ്യനിരക്ക്

| | | | |
|---|---|---|---|
| BLACK & WHITE | | Half Page | Rs. 250/- |
| Full Page | Rs. 400/- | COLOUR | |
| | | Full Page | Rs. 1250/- |
| | | Half Page | Rs. 650/- |
| | | Back Page | Rs. 2000/- |
| | | Back Inside | Rs. 1500/- |

# കുടുംബസമ്മേളന വേദികൾ

## ഒന്നാം ഞായർ

**സെന്റ് ആന്റണി (യൂണിറ്റ് 1) 2.30 p.m**

01.05.2017 താഴ്ത്തപ്പുറം വറീത് ജോയി
05.06.2017 പുതുശ്ശേരി ലോനപ്പൻ ജോസഫ്
03.07.2017 താഴ്ത്തപുറം അന്തപ്പൻ പൗലോസ്
07.08.2017 മാളിയേക്കൽ വറീത് തോമസ്

**സെന്റ് ജോർജ്ജ് (യൂണിറ്റ് 4) 3.30 p.m**

01.05.2017 ചേലക്കാടൻ എസ്തപ്പാനോസ് ദേവസ്സികുട്ടി
05.06.2017 നെടുപുറം ജോസഫ് പോൾ
03.07.2017 തൊമ്മൻ തോമസ് ഫ്രാൻസീസ്
07.08.2017 ചുള്ളി പോൾ കൊച്ചുത്രേസ്യാ

**സെന്റ് സെബാസ്റ്റ്യൻ (യൂണിറ്റ് 2) 4.30 p.m**

01.05.2017 കൈപറമ്പിൽ ചാക്കു വർഗ്ഗീസ്
05.06.2017 പുതുശ്ശേരി ഔസേഫ് സേവി
03.07.2017 തോട്ടപ്പിള്ളി അന്തോണി ആഗസ്തി
07.08.2017 നെടുംപുറം കൊച്ചുപൗലോ ഔസേഫ്

## രണ്ടാം ഞായർ

**സെന്റ് അഗസ്റ്റിൻ (യൂണിറ്റ് 11) 3.00 p.m**

12.05.2017 കുടിയിരിപ്പിൽ മാത്യു പോളി
10.06.2017 പാറയിൽ ഔസേപ്പ് ജോർജ്
14.07.2017 ചെട്ടിതോടൻ അന്തോണി സേവിയാർ
11.08.2017 പാലായി ഔസേഫ് ദേവസ്സിക്കുട്ടി

**ഇൻഫന്റ് ജീസ്സസ് (യൂണിറ്റ് 10) 4.30 p.m**

12.05.2017 പുതുശ്ശേരി കൈപ്പറമ്പിൽ ഔസേഫ് തോമസ്
10.06.2017 പടിഞ്ഞാറെ വീട്ടിൽ ജോസഫ് സിസിലി
14.07.2017 കോനുപറമ്പൻ ഔസേഫ് ഡേവീസ്
11.08.2017 കാച്ചപ്പിള്ളി ജോണി ബിജു

## മൂന്നാം ഞായർ

**സെന്റ് അൽഫോൻസ (യൂണിറ്റ് 5) 3.00 p.m**

15.05.2017 പുതിയപറമ്പിൽ ആഗസ്തി ദേവസിക്കുട്ടി
19.06.2017 വട്ടോലി കുഞ്ഞിവർക്കി ഇട്ടൂപ്പ്
17.07.2017 വട്ടോലി കുഞ്ഞിവർക്കി ഫ്രാൻസീസ്
21.08.2017 വട്ടോലി കുഞ്ഞിതോമൻ മാത്തച്ചൻ

**സെന്റ് ചാവറ കുര്യാക്കോസ് ഏലിയാസ് (യൂണിറ്റ് 9) 4.30 p.m**

15.05.2017 മറ്റെക്കാടൻ ഫ്രാൻസീസ്
19.06.2017 റപ്പായി ലിയോ
17.07.2017 തേലേക്കാട്ട് റപ്പായി അന്നം
21.08.2017 മറ്റെക്കാടൻ ഡൊമനിക്ക് എൽസി

## നാലാം ഞായർ

**സെന്റ് മേരീസ് (യൂണിറ്റ് 7) 3.00 p.m**

22.05.2017 തേലേക്കാട്ട് മത്തായി മേരി
26.06.2017 തേലക്കാട്ട് ജോസഫ് ത്രേസ്യ
24.07.2017 തേലേക്കാട്ട് മത്തായി ത്രേസ്യ
28.08.2017 തേലേക്കാട്ട് വറീത് കൊച്ചുമറിയ

**സെന്റ് ജോസഫ് (യൂണിറ്റ് 6) 4.30 p.m**

22.05.2017 കെല്ലംകുളം ചാണ്ടി തോമസ്
26.06.2017 പെരെപ്പാടൻ ലോനപ്പൻ ജോസ്
24.07.2017 വെട്ടിയാടൻ ദേവസ്സി ജോയ്
28.08.2017 തേലക്കാട്ട് ജോസ് സിമി

**സെന്റ് തോമസ് (യൂണിറ്റ് 8) മാസത്തിലെ 8-ാം തീയതി (6.30 p m)**

08.05.2017 തേലക്കാട്ട് കൊച്ചുപ്പാലി ജോസ്
08.06.2017 പള്ളത്താട്ടി കുഞ്ഞുവറീത് ടോമി
08.07.2017 മണ്ടകത്തി ഡേവീസ് ലിയോ
08.08.2017 പെരുമ്പിള്ളി ഔസേഫ് ജോഷി

**മദർ തെരേസ (യൂണിറ്റ് 3) മാസത്തിലെ രണ്ടാം ശനി (5.00 pm)**

11.05.2017 ചിറപ്പണത്ത് കൊച്ചാപ്പു ജോൺ
09.06.2017 ചിറപ്പണത്ത് ജോസ് പോൾ
13.07.2017 ചിറപ്പണത്ത് മാത്യു വർഗ്ഗീസ്
10.08.2017 ചിറപ്പണത്ത് പറമ്പി ജോയി അൽഫോൻസ

## കുടുംബ സമ്മേളനത്തിൽ ചർച്ചയ്ക്കുള്ള വിഷയങ്ങൾ


**2017 മെയ്** – **മഴക്കാല രോഗങ്ങൾ പ്രതിവിധികൾ**
**2017 ജൂൺ** – **സഭയിൽ പാരമ്പര്യത്തിന്റെ ആവശ്യകത**
**2017 ജൂലൈ** – **മദ്യപന്മാരെ എങ്ങനെയെല്ലാം രക്ഷിക്കാം**
**2017 ആഗസ്റ്റ്** – **സ്വാതന്ത്ര്യം എന്ന ദൈവീക സമ്മാനവും, അവകാശവും നമ്മുടെ വിനിയോഗവും.**




| | | |
|---|---|---|
| 1. | തേലക്കാട്ട് ഷാജു - ലിന്റ, ആൻഡ്രില്ല (ത്രേസ്യാ) | 16.10.2016 |
| 2. | ഇടശ്ശേരി ചങ്കൻ ജസ്റ്റിൻ - ലിറ്റി റോസ് ഇവ(റീത്ത) | 15.09.2016 |
| 3. | ചിറപ്പണത്ത് മിനോയ് - ഫീന, എൽസ | 10.05.2016 |
| 4. | വടാശ്ശേരി പെറ്റ്സൺ - ലിറ്റ്സി, ഇസ (എലുസബത്ത്) | 23.09.2016 |
| 5. | പട്ടത്തിൽ ടോം - കിറ്റി, റെയപുൻ (സ്റ്റെല്ല) | 20.06.2016 |
| 6. | തേലേക്കാട്ട് മാർട്ടിൻ - നാൻസി, ഏദൻ(ആന്റണി) | 27.07.2016 |
| 7. | കോഴിക്കാടൻ സിറിൽ - അപർണ്ണ, ആർതർ(ജോർജ്) | 21.12.2016 |
| 8. | മേലിട്ട് ജെയ്മോൻ - ഫിനി ഇസ (മേരി) | 27.10.2016 |
| 9. | തേലക്കാടൻ പോളി - റെൻസി കാതറിൻ തെരേസ് (അന്ന) | 08.08.2016 |
| 10. | ചെന്നക്കാടൻ വിൽസൺ - റിയ, ഹാന്റിയോ | 13.04.2016 |
| 11. | തേലക്കാട്ട് പ്രദീപ് - ഡാലി, ഇവാന (ഫിലോമിന) | 04.11.2016 |
| 12. | ചിറപ്പണത്ത് ഡേവീസ് ടോം - നിധിമറിയം ജോളി ഇവറോസ് ഡേവീസ് | 28.07.2016 |
| 13. | തളിയത്ത് ജിജോ - റിജി ഹെവാനിയോ റോസ് (റോസ) | 01.12.2016 |
| 14. | ചിറമേൽ ടിന്റോ - ആൻസി സെവിൻ ജേക്കബ് ടിന്റോ(ജേക്കബ്) | 13.08.2016 |
| 15. | ചുള്ളി ജോമോൻ - സ്നേഹ, ജോവാന്ന (കൊച്ചുത്രേസ്യാ) | 08.08.2016 |




1. പെരെപ്പാടൻ പോൾസൻ ടിന്റോ(കാടുകുറ്റി)
   പുല്ലോക്കാരൻ വർഗ്ഗീസ് മേരി, വിമി (മറ്റത്തൂർ) 30.01.2017
2. തേലേക്കാട്ട് മത്തായി അനീഷ് (കാടുകുറ്റി)
   ചൊവ്വരക്കാരൻ ഡേവീസ് റോസമ്മ (ചാലക്കുടി) 11.01.2017
3. കൊങ്കോത്ത് ജെയ്മിസ് റോബിൻ (എറണാകുളം)
   പാറയിൽ പോൾ അനു (കാടുകുറ്റി) 15.05.2016
4. ചേലേക്കാടൻ വർഗ്ഗീസ് സൈജോ (കാടുകുറ്റി)
   ജൊവാന (പോളണ്ട്)




| | | |
|---|---|---|
| 1. | കണ്ടത്തിൽ ഔസേപ്പ് റോസ | 19.12.2016 |
| 2. | തേലക്കാട്ട് റാഫേൽ എൽസി | 07.01.2017 |
| 3. | തേലേക്കാട്ട് ദേവസ്സി ജോസ് | 13.02.2017 |

# അടിക്കുറിപ്പ് മത്സരം

(വേദോപദേശം പഠിക്കുന്നവർക്ക് മാത്രം)



അടിക്കുറിപ്പ് :

പേര് : ........................................................................ വയസ്സ് .............

വീട്ടുപേര് : ..............................................................................................

യൂണിറ്റ് : ..............................................................................................

ചിത്രത്തിനു അനുയോജ്യമായ ഒരു വാചകത്തിലൊതുങ്ങുന്ന അടിക്കുറിപ്പുമെഴുതിയ ഉത്തര പേപ്പർ ജൂലൈ 15-ാം തീയതിക്കുമുമ്പായി പള്ളിയിൽ ഏല്പ്പിക്കേണ്ടതാണ്.